# ഹജ്ജും ഉംറയും



## ഹജ്ജിന്റെയും ഉംറയുടെയും വിധിവിലക്കുകൾ:

**ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ**

# ഉള്ളടക്കം

## ഉംറയുടെ രൂപം


| | |
|---|---|
| 1) മീഖാത്ത് | 1 |
| 2) ഇഹ്റാം | 1 |
| 3) തൽബിയത്ത് | 3 |
| 4) മസ്ജിദുൽ ഹറമിലേക്കുള്ള പ്രവേശനം | 3 |
| 5) ത്വവാഫ് | 4 |
| 6) മഖാമു ഇബ്രാഹീമിന്റെ പുറകിലുള്ള നിസ്കാരം | 5 |
| 7) സഅ്യ് | 6 |
| 8) മുടി വടിക്കൽ | 8 |

## ഹജ്ജിന്റെ കർമ്മങ്ങൾ


1) തർവിയയുടെ ദിവസം 9

2) മിന 10

3) അറഫയുടെ ദിവസം 10

4) മുസ്ദലിഫ 11

5) നഹ്റിന്റെ ദിവസം 12

6) തശ്രീഖിന്റെ ദിവസങ്ങൾ 14


## ഗുണപ്രദമായ ചില അറിവുകൾ


1) ഹജ്ജ് മൂന്നു തരമാണ് 17

2) ഇഹ്റാം 18

3) ഫിദ്‌യ 19

4) മക്കയിൽ പ്രവേശിക്കുമ്പോൾ ഉള്ള ചില സുന്നത്തുകൾ 21

5) ത്വവാഫ് നാല് തരമാണ് 22

6) ത്വാഫിനുള്ള നിബന്ധനകൾ 22

بسم الله الرحمن الرحيم

إن الحمد لله نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا، وسيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدًا عبده ورسوله، صلى الله عليه وعلى آله وصحبه وسلم تسليمًا كثيرًا

ഇസ്ലാമിന്റെ അഞ്ച് തൂണുകളിൽ ഒന്നായ, ഹജ്ജ്കർമ്മം നിർവഹിക്കുന്ന രൂപത്തെ, എളുപ്പത്തിൽ വിശദീകരിക്കുന്ന  ഒരു വഴികാട്ടി മലയാളഭാഷയിൽ ഉണ്ടാകേണ്ടതിന്റെ അനിവാര്യതയാണ്, ഷെയ്ഖ് അബൂ അമ്മാർ യാസിർ അൽ അദനി[1] حفظه الله യുടെ ഈ  ലഘുലേഖ വിവർത്തനം ചെയ്യുവാൻ എന്നെ പ്രോത്സാഹിപ്പിച്ചത്. ഈ വിവർത്തനം  ചുരുങ്ങിയ ഒന്നായതിനാൽ, ഈയുള്ളവൻ പിന്നീട് അതിലേക്ക് അത്യാവിശ്യമായി തോന്നിയ ചില അടിക്കുറിപ്പുകളും, അതിന്റെ ഒടുവിൽ ചില പ്രധാന അറിവുകളും ഉൾപ്പെടുത്തുകയുണ്ടായി. അതിൽ ഭൂരിഭാഗവും, നമ്മുടെ ഷെയ്ഖ് അബൂ ഹംസ ഹസ്സൻ ബാശുഐബ്[1] حفظه الله യുടെ ദർസുകളിൽ നിന്ന് എടുത്തിട്ടുള്ള അറിവുകളാണ്, അല്ലാത്തവ അഹ്ലുസുന്നത്തിന്റെ പ്രമുഖരായ പണ്ഡിതരുടെ പുസ്തകങ്ങളിൽനിന്നും. കൂടാതെ, ഹജ്ജിലെയും ഉംറയിലെയും ആരാധനാകർമ്മങ്ങളെ കുറിച്ചുള്ള വിജ്ഞാനം എളുപ്പത്തിൽ വേർതിരിച്ച് മനസ്സിലാക്കുവാനായി ചിലയിടങ്ങളിൽ പ്രത്യേകമായ തലക്കെട്ടുകൾ ചേർക്കുകയും, പലയിടങ്ങളിലും, അവയുടെ വിധിവിലക്കുകളിൽ പണ്ഡിതന്മാരുടെ ഇടയിലുള്ള പ്രമുഖമായ അഭിപ്രായവ്യത്യാസങ്ങളിലേക്ക് കഴിയുന്നത് പോലെ ഒരു സൂചന നൽകിയിട്ടുമുണ്ട്.

ഇതിനെ ആദ്യം സ്വന്തത്തിനും, പിന്നീട് മറ്റുള്ളവർക്കും ഗുണം ഉണ്ടാക്കുന്ന ഒന്നാക്കി തീർക്കുവാൻ ആല്ലാഹുവിനോട് ചോദിക്കുന്നു. ഇത് പൂർത്തീകരിക്കുവാൻ എന്നെ സഹായിച്ച എന്റെ പ്രിയപ്പെട്ട സഹോദരങ്ങൾക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു[2].

**അബൂ റയ്യാൻ അബ്ദുല്ലാഹ്**

**(അല്ലാഹു അവന് പൊറുത്തു കൊടുക്കുകയും അവന്റെ മാതാപിതാക്കളെ ഇസ്ലാമിലേക്ക് നയിക്കുകയും ചെയ്യട്ടെ)**

**ഹി: 29 ദുൽ ഖഅ്ദ,1443, ചൊവ്വാഴ്ച**

1. ഇദ്ദേഹം യെമനിലെ ഷെയ്ഖ് മുഖ്ബിൽ رحمه الله യുടെയും ഷെയ്ഖ് യഹ്യ حفظه الله യുടെയും ശിഷ്യനാണ്.
2. ഇതിൽ ശെരിയായിട്ടുള്ളതെല്ലാം അല്ലാഹുവിങ്കൽ നിന്നും, അല്ലാത്തത് സ്വന്തത്തിൽനിന്നും പിശാചിൽനിന്നുമാകുന്നു.

بسم الله الرحمن الرحيم

الحمد لله والصلاة والسلام على رسول الله ﷺ وعلى صحبه ومن والاه، أما بعد:

ഹജ്ജിന്റെയും ഉംറയുടെയും വിധിവിലക്കുകൾ അടങ്ങിയ, പണ്ഡിതന്മാരുടെ പുസ്തകങ്ങളിൽ നിന്നുള്ള, ചുരുങ്ങിയ ഒരു ക്രോഡീകരണം ആകുന്നു ഇത്. ഇതിനാൽ ഗുണം ഉണ്ടാക്കുവാൻ നാം അല്ലാഹുവിനോട് ചോദിക്കുന്നു.



## ഉംറയുടെ രൂപം

### മീഖാത്ത്

**ആദ്യമായി:** മീഖാത്ത്[1] എത്തിക്കഴിഞ്ഞാൽ, ജനാബത്തിൽ നിന്ന് ശുദ്ധിയാകുവാൻ വേണ്ടി കുളിക്കുന്നത് പോലെ കുളിക്കുക. ഇത് പുരുഷന്മാർക്കും, സ്ത്രീകൾക്കും സുന്നത്തായിട്ടുള്ള ഒന്നാണ്, ആർത്തവമോ പ്രസവരക്തമോ ബാധിച്ച സ്ത്രീകൾക്ക് അടക്കം. മുടിയിലും താടിയിലും അത്തർ പുരട്ടുക, അതിന്റെ സുഗന്ധം ഇഹ്റാമിൽ പ്രവേശിച്ച ശേഷവും അവശേഷിച്ചാൽ അവന് ദോഷം ചെയ്യുന്നതല്ല[2].

### ഇഹ്റാം

**രണ്ടാമതായി:** ഉംറ ഉദ്ദേശിച്ചുകൊണ്ട് ഇഹ്റാമിൽ* പ്രവേശിക്കുക**, തന്റെ ഹൃദയത്താൽ നിയ്യത്ത് വെക്കുകയും, തന്റെ നാവിനാൽ ഇപ്രകാരം ഉച്ചരിക്കുകയും ചെയ്യുക:

(لَبَّيْكَ عُمْرَةً) – (ലബ്ബൈക്ക ഉംറത്തൻ)

((അല്ലാഹുവെ) നിന്റെ വിളിയ്ക്ക്, ഉംറയ്ക്ക് ഞാൻ ഇതാ ഉത്തരം നൽകുന്നു.)

---

1. ഇഹ്റാം ചെയ്യുന്നതിന് അഞ്ചു മീഖാത്തുകൾ ആണ് നിർണയിക്കപ്പെട്ടിട്ടുള്ളത്: മദീനയിൽനിന്നു വരുന്നവർക്ക് ദുൽഹുലൈഫ, ഷാമിൽനിന്നു വരുന്നവർക്ക് ജുഹ്ഫ, യമനിൽനിന്നു വരുന്നവർക്ക് യലംലം, നജ്ദിൽനിന്നു വരുന്നവർക്ക് ഖർനുൽ മനാസിൽ, ഇറാഖിൽനിന്നു വരുന്നവർക്ക് ദാതു ഇർഖ്, എന്നിങ്ങനെയാണ് അവ, മീഖാത്തിൽ എത്തുന്നതിന് മുൻപോ, അത് കടന്നുപോയ ശേഷമോ ഇഹ്റാമിൽ പ്രവേശിക്കൽ അനുവദനീയമല്ല. മക്കക്കാരെയും, അവിടെ താമസിക്കുന്നവരെയും സംബധിച്ചെടുത്തോളം അവർക്ക് ഹജ്ജിനുള്ള മീഖാത്ത് അവരുടെ താമസയിടങ്ങൾ തന്നെയാണ്, ഇനി ഉംറയ്ക്കാണെങ്കിൽ അവരുടെ മീഖാത്ത് അവർ ഹറമിന് പുറത്തിറങ്ങുക എന്നതാണ്.

2. പുരുഷന്മാർക്കും സ്ത്രീകൾക്കും ഇത് സുന്നത്താകുന്നു, പക്ഷെ പുരുഷന്മാരുടെ അത്തറിന് സുഗന്ധമുണ്ടാവും, നിറമുണ്ടാവുകയില്ല, എന്നാൽ സ്ത്രീകളുടെ അത്തറിന് നിറമുണ്ടാവും, സുഗന്ധമുണ്ടാവുകയില്ല.

*ഇഹ്റാമിനെ കുറിച്ചും, അതിൽ വിലക്കപ്പെട്ട കാര്യങ്ങളെ കുറിച്ചും, അത്തരം ഒന്നിൽ ഏർപ്പെട്ടാൽ ഒരുവന്റെ മേൽ നിർബന്ധമാകുന്ന ഫിദ്‌യയെ കുറിച്ചുമെല്ലാം നാം ഈ പുസ്തകത്തിന്റെ അവസാനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

** തമത്തു'ഇന്റെ രീതിയിൽ ഹജ്ജ് ചെയ്യുന്നവരുടെ കാര്യം ആണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്, ഹജ്ജിന്റെ വിവിധ തരങ്ങളെ കുറിച്ച് നാം ഈ പുസ്തകത്തിന്റെ അവസാനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

തന്റെ ആരാധനാകർമ്മം പൂർത്തീകരിക്കുന്നതിൽ നിന്ന് തന്നെ തടയുന്ന തരത്തിലുള്ള എന്തെങ്കിലും തടസങ്ങളെ ഭയക്കുന്നുണ്ടെങ്കിൽ, ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ വ്യവസ്ഥ വെച്ചുകൊള്ളുക[3] ഇഹ്റാമിൽ പ്രവേശിക്കുന്ന നേരത്ത് ഇപ്രകാരം പറയുക:

"اللَّهُمَّ مَحِلِّي حَيْثُ حَبَسْتَنِي" - (അല്ലാഹുമ്മ മഹില്ലീ ഹൈസു ഹബസ്തനീ.)

അതായത്, ഈ ആരാധനാകർമ്മം പൂർത്തിയാക്കുന്നതിൽ നിന്ന് എന്തെങ്കിലും രോഗമോ, കാലതാമസമോ, അല്ലെങ്കിൽ അവയെപ്പോലുള്ള മറ്റെന്തെങ്കിലും ഒന്ന് എന്നെ തടഞ്ഞാൽ, ഞാൻ എന്റെ ഇഹ്റാമിൽ നിന്ന് തഹല്ലുൽ (വിരാമം) ചെയ്യുന്നതാണ് എന്ന്.

നിർബന്ധമായ നിസ്കാരങ്ങൾക്ക് ശേഷമോ, അഥവാ മസ്ജിദിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിന് മുൻപ് നിസ്കരിക്കപ്പെടുന്നതായ രണ്ട് റക്അത്ത് തഹിയത്ത് നിസ്കാരത്തെ പോലെയോ, വുദു എടുത്തതിന്റെ പേരിൽ നിസ്കരിക്കപ്പെടുന്ന നിസ്കാരത്തെ പോലെയോ ഉള്ള, പ്രത്യേക കാരണങ്ങൾക്കായി നിസ്കരിക്കപ്പെടുന്ന ഏതെങ്കിലും നിസ്കാരത്തിന് ശേഷമോ ആയിക്കൊണ്ട് ഇഹ്റാമിൽ പ്രവേശിക്കൽ പ്രോത്സാഹിക്കപ്പെട്ടതാണ്, കാരണം മദീനയുടെ മീഖാത്ത് ഒഴികെയുള്ള ഒരു മീഖാത്തിലും, പ്രത്യേകമായി നിസ്കരിക്കേണ്ടതായിട്ടുള്ള ഒരു നിസ്കാരമില്ല, എന്നാൽ മദീനത്ത് അനുഗ്രഹീതമായ ഒരു താഴ്വരയുണ്ട്[4,5] (അതിനാൽ അവിടെ നിസ്കാരം നിയമമാക്കപ്പെട്ടിട്ടുണ്ട്).

---

3. ഇങ്ങനെ ചെയ്യുന്നതിന്റെ ഗുണം എന്തെന്നാൽ എന്തെങ്കിലും തടസങ്ങളാൽ ഹജ്ജ് കർമ്മം പൂർത്തിയാക്കുവാൻ ഒരുവന് സാധിച്ചില്ലെങ്കിൽ വ്യവസ്ഥ വെച്ചവന് ഈ ആരാധനാകർമ്മത്തിൽ നിന്ന് തഹല്ലുൽ (വിരാമം) ചെയ്യാം, അതുമൂലം അവന്റെ മേൽ ബലി നിർബന്ധമാവുകയുമില്ല, മറിച്ച് വ്യവസ്ഥ വെക്കാത്തവന് തഹല്ലുൽ ചെയ്യൽ അനുവദനീയമല്ല, ഇനി അങ്ങനെ ചെയ്യാതെ നിവർത്തിയില്ലാത്ത പക്ഷം തഹല്ലുൽ ചെയ്തു കഴിഞ്ഞാൽ അവന്റെ മേൽ ബലി നിർബന്ധമാകുന്നു. ചില പണ്ഡിതന്മാരുടെ അഭിപ്രായ പ്രകാരം, ഈ ആരാധനാകർമ്മത്തിൽ നിന്ന് അവനെ തടയാവുന്ന ഒന്നിനെ ഭയന്നാലും ഇല്ലെങ്കിലും വ്യവസ്ഥ വെക്കൽ അനുവദനീയമാണ്, ഈ വിഷയത്തിൽ വന്നിട്ടുള്ള ഇബ്നു അബ്ബാസ് رضي الله عنهما യുടെയും ആഇഷ رضي الله عنها യുടെയും ഹദീഥുകൾ ആണ് അവർ തെളിവാക്കിയത്.

4. നബി ﷺ ഹജ്ജിന് പോകുന്നതിനിടയിൽ ഇറങ്ങിയ, ദുൽ ഹുലൈഫയിലെ അൽ-അഖീഖ് എന്ന അനുഗ്രഹീതമായ താഴ്വരയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്.

5. ഷെയ്ഖ് പരാമർശിച്ചിട്ടുള്ള മൂന്ന് കാര്യങ്ങൾ കൂടാതെയുള്ള ഇഹ്റാമിന്റെ ചില സുന്നത്തുകൾ:

4) തന്റെ വാഹനത്തിന്മേൽ കയറുന്നത് വരേക്കും ഇഹ്റാം വൈകിപ്പിക്കുകയും തന്റെ വാഹനത്തിന്മേൽ ആയിക്കൊണ്ട് ഇഹ്റാം ചെയ്യുക എന്നതും.
5) ഇഹ്റാം ചെയ്യുമ്പോൾ ഖിബ്‌ലയെ നേരിടുക എന്നത്.
6) അതിനു മുൻപായിക്കൊണ്ട് ഹംദും, തസ്ബീഹും, തക്ബീറും ചൊല്ലുക എന്നത്. (നമ്മുടെ ഷെയ്ഖ് അബൂ ഹംസ ഹസ്സൻ ബാശുഐബ് حفظه الله പറഞ്ഞു: "ഇത് ബുഖാരിയിൽ സ്ഥിരപ്പെട്ടിട്ടുള്ളതും, അദ്ദേഹം ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ട് ഒരു അധ്യായത്തിന് തലക്കെട്ട് നൽകിയിട്ടുമുണ്ട്, എങ്കിലും ഇക്കാലത്ത് ഈ സുന്നത്ത് ഏതാണ്ട് ഉപേക്ഷിക്കപ്പെട്ടത് പോലെയാണ്, ഹാഫിദ് ഇബ്നു ഹജർ പറഞ്ഞു: "ഇത് സ്ഥിരപ്പെട്ടിട്ടുണ്ടെങ്കിൽ കൂടി, പ്രാവർത്തികമാക്കുന്നവർ വളരെ ചുരുക്കം ആണ്".").
7) ഉംറയ്ക്കോ, ഹജ്ജിനോ, അഥവാ രണ്ടിനും ഒരുമിച്ചോ, ഇഹ്റാം ചെയ്യുമ്പോൾ തൽബിയത്ത് ശബ്ദം ഉയർത്തിക്കൊണ്ട് ചൊല്ലുക എന്നത്.

## തൽബിയത്ത്

**മൂന്നാമതായി:** കീഴ്പ്പറയുന്നത് പ്രകാരം തൽബിയത്ത് ചൊല്ലുക:

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لَا شَرِيكَ لَكَ


(ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബ്ബൈക്ക ലാ ശരീക ലക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത്ത ലക വൽ മുൽക്, ലാ ശരീക ലക്.)

(അല്ലാഹുവെ നിന്റെ വിളിക്ക് ഞാൻ ഇതാ ഉത്തരം നൽകുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല, തീർച്ചയായും സർവ്വസ്തുതിയും അനുഗ്രഹവും നിനക്കാണ്, രാജാധികാരവും നിനക്ക് തന്നെ, നിനക്ക് യാതൊരു പങ്കാളിയും ഇല്ലതന്നെ)

ഇനി ഒരുവൻ തക്ബീർ ചൊല്ലുകയോ, സ്വഹാബത്തിനെ തൊട്ട് സ്ഥിരപ്പെട്ട് വന്ന ഒന്നിനാൽ തൽബിയത്ത് ചൊല്ലുകയോ ചെയ്താൽ, അത് അനുവദനീയമാണ്. മക്കയിലെ വീടുകൾ കാണുന്നത് വരേക്കും തൽബിയത്ത് ചൊല്ലിക്കൊണ്ടേയിരിക്കുക(6).

## മസ്ജിദുൽ ഹറമിലേക്കുള്ള പ്രവേശനം*

**നാലാമതായി:** തന്റെ വലത്തെ കാൽവെച്ച് മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുകയും, മസ്ജിദിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട ദിക്റുകൾ ചൊല്ലുകയും ചെയ്യുക(7).



6. ചില പണ്ഡിതൻമാരുടെ അഭിപ്രായ പ്രകാരം ത്വവാഫ് ആരംഭിക്കുന്നതോടെയാണ് തൽബിയത്ത് അവസാനിക്കുക.

* ഇതിനു മുൻപ്, മക്കയിൽ പ്രവേശിക്കുമ്പോൾ ഉള്ള ചില സുന്നത്തുകളെ കുറിച്ച് നാം ഈ പുസ്തകത്തിന്റെ അവസാനത്തിൽ പരാമർശിച്ചിട്ടുണ്ട്.

7. ഷെയ്ഖ് പരാമർശിച്ച രണ്ടു കാര്യങ്ങൾ കൂടാതെ, ബാബു ബനീ ശൈബ (ബനീ ശൈബ എന്ന വാതിലിൽ) നിന്ന് മസ്ജിദുൽ ഹറാമിലേക്ക് പ്രവേശിക്കുക എന്നതും പ്രോത്സാഹിപ്പിക്കപ്പെട്ടതാണ്. ഷെയ്ഖ് ഇബ്നു ഉതൈമീൻ رحمه الله പറഞ്ഞു: "ഈ വാതിലിന്റെ അടയാളമൊന്നും ഇന്ന് ബാക്കി നിൽക്കുന്നില്ല, പക്ഷെ മഖാമു ഇബ്രാഹീമിന്റെ അടുത്തുള്ള ബാബുസ്സലാമിലൂടെ പ്രവേശിക്കുകയും, നേരെ കഅ്ബയിലേക്ക് മുന്നിട്ടുകയും ചെയ്താൽ ബാബു ബനീ ശൈബ നാം കടന്നുപോയിട്ടുണ്ടാകും എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു."

പിന്നീട് കഅ്ബയിലേക്ക് നേരിട്ടുകൊണ്ട്, തന്റെ മേൽമുണ്ടിന്റെ[8] നടുഭാഗം വലത്തെ കക്ഷത്തിന്റെ അടിയിലൂടെയും, അതിന്റെ രണ്ട് അറ്റങ്ങളും ഇടത്തെ തോളത്തുമായിക്കൊണ്ട് അണിയുക[9] എന്നിട്ട് ഹജറുൽ അസ്‌വദിന്റെ അടുത്തേക്ക് മുന്നിടുകയും, അതിനെ അഭിമുഖീകരിക്കുകയും, ചുംബിച്ചുകൊണ്ട് അഭിവാദനം ചെയ്യുകയും ചെയ്യുക, ഇനി അത് സാധിച്ചിട്ടില്ലെങ്കിൽ തന്റെ കൈകൊണ്ട് അതിനെ തൊട്ടുകൊണ്ട് അഭിവാദനം ചെയ്യുക[10], അതും സാധിച്ചിട്ടില്ലെങ്കിൽ അതിനു നേരേ തന്റെ കൈ ഉയർത്തികാണിക്കുക[11], എന്നിട്ട് ഒരോ ചുറ്റലിലും ഇത് ആവർത്തിക്കുക[12].

**ഉണർത്തൽ:** ഒരു സ്ത്രീ അവളുടെ ഇഹ്റാമിനായി ഒരു പ്രത്യേക നിറത്തിലുള്ള വസ്ത്രം തിരഞ്ഞെടുക്കേണ്ടതില്ല, ഉദാഹരണത്തിന് പച്ച നിറം പോലെ, മറിച്ച് അവളുടെ വസ്ത്രം ഏതൊരു നിറത്തിൽ ആയിരുന്നാലും അത് ധരിച്ചുകൊള്ളട്ടെ, അത് ആ സ്ത്രീയെ മറയ്ക്കുന്നതായിരിക്കണമെന്ന നിബന്ധനയോടു കൂടി [13,14].

## ത്വവാഫ്*

**അഞ്ചാമതായി:** കഅ്ബയുടെ ചുറ്റം ഏഴ് പ്രാവിശ്യം ചുറ്റുകയും, ഇത് ഖുദൂമിന്റെ ത്വവാഫ് ആണെങ്കിൽ അതിൽ ആദ്യത്തെ മൂന്നു ചുറ്റലിൽ വേഗത്തിൽ നടക്കുകയും വേണം[15]. തന്റെ ത്വവാഫിനിടയിൽ റുക്നുൽ യമാനിയുടെ[16] അരികിലൂടെ കടന്നുപോവുകയും, അതിനെ തന്റെ കൈ കൊണ്ട് തൊടുകയും വേണം, അതിനെ ചുംബിക്കലും, അതുപോലെ അതിലേക്ക് കൈ ഉയർത്തികാണിക്കലും നിയമമാക്കപ്പെട്ടിട്ടില്ല.

8. അറബിയിൽ അതിന് രിദാഅ് എന്നു പറയും.
9. ഈ പ്രവർത്തിക്ക ഇദ്‌ത്തിബാഅ് എന്നാണ് പറയുക, ഖുദൂമിന്റെ ത്വവാഫിന് മാത്രമാണ് ഇത് ചെയ്യപ്പെടുക, ഇത് പുരുഷന്മാർക്ക് മാത്രമാണ് നിയമമാക്കപ്പെട്ടിട്ടുള്ളത്.
10. എന്നിട്ട് ആ കയ്യിനെ ചുംബിക്കുകയും ചെയ്യുക, അതും സാധിച്ചിട്ടില്ലെങ്കിൽ, തന്റെ വടികൊണ്ട് അതിനെ തൊടുകയും, എന്നിട്ട് വടിയെ ചുംബിക്കുകയും ചെയ്യുക.
11. പക്ഷെ ശേഷം കൈ ചുംബിക്കേണ്ടതില്ല.

12. ശ്രദ്ധിക്കുക: ഹജറുൽ അസ്‌വദിന്റെ അവിടെനിന്നാണ് ത്വവാഫ് ആരംഭിക്കേണ്ടത്, മാത്രമല്ല കഅ്ബയെ തന്റെ ഇടത് ഭാഗത്ത് ആക്കിക്കൊണ്ടായിരിക്കണം ത്വവാഫ് ചെയ്യേണ്ടത്, അങ്ങനെ ചുറ്റി വീണ്ടും ഹജറുൽ അസ്‌വദ് എത്തുമ്പോഴാണ് ഒരു ചുറ്റൽ പൂർണ്ണമാവുക. ഓരോ പ്രാവശ്യവും ഹജറുൽ അസ്‌വദിന്റെ അടുത്ത് എത്തുമ്പോൾ തക്ബീർ (അല്ലാഹു അക്ബർ) ചൊല്ലൽ നിയമമാക്കപ്പെട്ടിട്ടുണ്ട്.

13. അതുപോലെതന്നെ ഹജ്ജിന് വെളുത്ത വസ്ത്രം ധരിക്കുക എന്നത് പ്രത്യേകമായി സ്ഥിരപ്പെട്ട് വന്നിട്ടുള്ള ഒന്നല്ല, മറിച്ചു ഹജ്ജിലും അല്ലാതെയും വെള്ള വസ്ത്രത്തിന്റെ ശ്രേഷ്ഠതയെ കുറിച്ച് വന്നിട്ടുള്ള പൊതുവായ തെളിവുകൾ മാത്രമാണ് ഉള്ളത്. നമ്മുടെ ഷെയ്ഖ് അബു ഹംസ ഹസ്സൻ ബാ ശുഐബ് حفظه الله പറഞ്ഞു: "ആളുകൾ ഹജ്ജിന് വെളുത്ത വസ്ത്രം ധരിച്ചിട്ടില്ലെങ്കിൽ ഹജ്ജ് നിഷ്ഫലമായി പോകുമെന്ന് കരുതുന്ന ഒരു കാലം വരുമോ എന്നു നാം ഭയപ്പെടുന്നു, ഇത് അവരുടെ അറിവില്ലായ്മ മൂലമാണ്".

14. ഇഹ്റാമിൽ സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ അണിയുന്നതിന് യാതൊരു പ്രശ്നവുമില്ല.

* ത്വവാഫിന്റെ വിവിധ തരങ്ങളെയും, നിബന്ധനകളെയും കുറിച്ച് നാം ഈ പുസ്തകത്തിന്റെ അവസാനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

15. റമൽ എന്നാണ് ഇതിനു പറയുക, ഖുദൂമിന്റെ ത്വവാഫിന് മാത്രമാണ് ഇത് ചെയ്യപ്പെടുക, ഇത് പുരുഷന്മാർക്ക് മാത്രമാണ് നിയമമാക്കപ്പെട്ടിട്ടുള്ളത്.

16. ഹജറുൽ അസ്‌വദിന് തൊട്ടു പുറകിലുള്ള മൂല.


ഇപ്രകാരം എല്ലാ ചുറ്റലിലും ചെയ്യുക. ഒരു ചുറ്റലിലും ചൊല്ലേണ്ടതായിട്ടുള്ള ഒരു പ്രത്യേക പ്രാർത്ഥനയില്ല, മറിച്ച് തനിക്ക് ഇഷ്ടമുള്ള പ്രാർഥനയാൽ പ്രാർത്ഥിക്കുകയോ, അല്ലെങ്കിൽ ഖുർആൻ പാരായണം ചെയ്യുകയോ ചെയ്യാവുന്നതാണ്, അത് നല്ലതാണ്(17,18).




**ഉണർത്തൽ:** ത്വവാഫ് ഹിജ്റിന്റെ പുറകിലൂടെയായിരിക്കണം, അതിനകത്തുകൂടെയാണ് ത്വവാഫ് നടത്തുന്നതെങ്കിൽ ഒരുവന്റെ ത്വവാഫ് ശെരിയാകുന്നതല്ല; കാരണം ഹിജ്ർ കഅ്ബയിൽ പെട്ടതാകുന്നു.

## മഖാമു ഇബ്രാഹീമിന്റെ പുറകിലുള്ള നിസ്കാരം

**ആറാമതായി:** ഏഴാമത്തെ ചുറ്റൽ പൂർത്തിയാക്കി കഴിഞ്ഞാൽ, തന്റെ മേൽമുണ്ട് ത്വവാഫിൽ പ്രവേശിച്ചപ്പോൾ അണിഞ്ഞിരുന്ന രീതിയിൽ നിന്ന് മാറ്റുക. എന്നിട്ട് ഇബ്രാഹീം عليه السلام ന്റെ മഖാമിലേക്ക് ചെല്ലുകയും, അല്ലാഹുവിന്റെ ഈ വചനം പാരായണം ചെയ്യുകയും ചെയ്യുക:



﴿وَاتَّخِذُوا مِنْ مَقَامِ إِبْرَاهِيمَ مُصَلًّى﴾

(വത്തഖിദൂ മിൻ മഖാമി ഇബ്റാഹീമ മുസ്വല്ലാ.)

﴾ഇബ്രാഹീം നിന്ന് പ്രാർത്ഥിച്ച സ്ഥാനത്തെ നിങ്ങളും നിസ്കാര വേദിയായി സ്വീകരിക്കുക.﴿

എന്നിട്ട് മഖാമിനെ തന്റെയും കഅ്ബയുടെയും ഇടയിലാക്കിക്കൊണ്ട് രണ്ടു റക്അത്ത് നിസ്കരിക്കുക, അതിനു സാധിച്ചിട്ടില്ലെങ്കിൽ ഹറമിൽ ഏതു സ്ഥലത്തും നിസ്കരിക്കാവുന്നതാണ്. നിസ്കാരത്തിലെ ആദ്യത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറത്തുൽ കാഫിറൂനും രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽ ഇഖ്‌ലാസും പാരായണം ചെയ്യൽ സുന്നത്താണ്. മഖാമിൽ നിന്ന് പ്രത്യേകമായി ചെയ്യപ്പെടുന്ന ഒരു പ്രാർത്ഥനയുമില്ല.

---

17. ചില പണ്ഡിതന്മാർ ഓരോ തവണയും റുക്നുൽ യമാനിയുടെയും ഹജറുൽ അസ്വദിന്റെയും ഇടയിൽ കീഴ്പറയുന്ന ദുആ ചൊല്ലൽ പ്രോത്സാഹിപ്പിക്കപ്പെട്ടതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്:

﴿رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْـَٔاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ﴾

(റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറതി ഹസനതൻ വഖിനാ അദാബന്നാർ.)

﴾ഞങ്ങളുടെ റബ്ബേ, ഇഹലോകത്തും പരലോകത്തും നീ ഞങ്ങൾക്ക് നല്ലത് തരേണമേ, നരക ശിക്ഷയിൽ നിന്നും ഞങ്ങളെ നീ രക്ഷിക്കുകയും ചെയ്യേണമേ﴿ മറ്റു ചിലർ അത് സ്ഥിരപ്പെട്ടിട്ടില്ല എന്നും അഭിപ്രായപ്പെട്ടു.
18. ഷെയ്ഖ് പരാമർശിച്ചത് കൂടാതെ, ത്വവാഫിന് വുദൂ ഉണ്ടായിരിക്കുക എന്നതും അതിന്റെ സുന്നത്തുകളിൽ പെട്ടതാണ്.




**ഏഴാമതായി:** സംസംമിന്റെ അടുക്കലേക്ക് പോവുകയും അതിൽ നിന്ന് കുടിക്കുകയും, ആ വെള്ളത്തിൽ നിന്ന് കുറച്ച് തന്റെ തലയിലേക്ക് ഒഴിക്കുകയും ചെയ്യുക, നബി ﷺ അപ്രകാരം ചെയ്തതിനാൽ ആകുന്നു അത്. ശേഷം ഹജറുൽ അസ്‌വദിന്റെ അടുക്കലേക്ക് തിരിച്ചു വരുകയും, തക്ബീർ ചൊല്ലുകയും, അതിനെ കൈകൊണ്ട് തൊടുകയും ചെയ്യുക.

## സഅ്‌യ്

**എട്ടാമതായി:** (സഅ്‌യ് ചെയ്യുവാനായി)[19] സ്വഫായിലേക്ക് മുന്നിടുക, അതിനോട് അടുത്ത് കഴിഞ്ഞാൽ, അല്ലാഹുവിന്റെ ഈ വചനം പാരായണം ചെയ്യുക:

﴿إِنَّ ٱلصَّفَا وَٱلۡمَرۡوَةَ مِن شَعَآئِرِ ٱللَّهِۖ فَمَنۡ حَجَّ ٱلۡبَيۡتَ أَوِ ٱعۡتَمَرَ فَلَا جُنَاحَ عَلَيۡهِ أَن يَطَّوَّفَ بِهِمَاۚ وَمَن تَطَوَّعَ خَيۡرًا فَإِنَّ ٱللَّهَ شَاكِرٌ عَلِيمٌ﴾

(ഇന്നസ്സ്വഫാ വൽ മർവത മിൻ ശആഇരില്ലാഹി ഫമൻ ഹജ്ജൽ ബൈത അവിഅ്തമറ ഫലാ ജുനാഹ അലൈഹി അൻ യത്ത്വവ്വഫ ബിഹിമാ വമൻ തത്വവ്വഅ ഖൈറൻ ഫ ഇന്നല്ലാഹ ശാകിറുൻ അലീം.)

﴾തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു. കഅ്ബാ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറഃയോ നിർവഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല. ആരെങ്കിലും സൽകർമ്മം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവ്വജ്ഞനുമാകുന്നു.﴿

എന്നിട്ട് "أَبْدَأُ بِمَا بَدَأَ اللَّه بِه" (അബ്ദഉ ബിമാ ബദഅല്ലാഹു ബിഹി) എന്ന് പറയുക.

(അല്ലാഹു ഏതൊന്നിനാൽ ആണോ ആരംഭിച്ചത്, ഞാനും അതിനാൽ ആരംഭിക്കുന്നു) ശേഷം സ്വഫായിൽ നിന്ന് ആരംഭിക്കുക, സാധിക്കുമെങ്കിൽ കഅ്ബ കാണുന്നത് വരേക്കും അതിന്മേൽ കയറുക, എന്നിട്ട് മൂന്ന് തവണ തക്ബീർ ചൊല്ലുകയും, ഇപ്രകാരം പറഞ്ഞുകൊണ്ട് അല്ലാഹുവിനെ ഏകനാക്കുകയും ചെയ്യുക:


"لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ، وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، لَا إِلَهَ إِلَّا اللَّهُ وَحْدَهُ، أَنْجَزَ وَعْدَهُ، وَنَصَرَ عَبْدَهُ، وَهَزَمَ الْأَحْزَابَ وَحْدَهُ"

(ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ഖദീർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വ നസ്വറ അബ്ദഹു, വ ഹസമൽ അഹ്സാബ വഹ്ദഹു.)

19. സഅ്‌യിന്റെ നിബന്ധനകൾ: 1) നിയ്യത്ത്, 2) ത്വവാഫിനു ശേഷം ആയിരിക്കണം എന്നത്, 3) ക്രമം (സ്വഫായിൽ നിന്ന് ആരംഭിക്കണം), 4) ഏഴ് തവണകൾ പൂർണമായിരിക്കണം എന്നത് 5) സഅ്‌യിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തു തന്നെ ആയിരിക്കണം.

(ഏകനായ അല്ലാഹ്വ അല്ലാതെ സത്യത്തിൽ മറ്റൊരു ആരാധ്യനുമില്ല, അവനു യാതൊരു പങ്കുകാരനുമില്ല, രാജാധിപത്യവും, സ്തുതിയും അവനുള്ളതാണ്, അവൻ എല്ലാത്തിനും കഴിവുള്ളവനത്രെ, ഏകനായ അല്ലാഹ്വ അല്ലാതെ സത്യത്തിൽ മറ്റൊരു ആരാധ്യനുമില്ല തന്റെ വാഗ്ദാനം അവൻ നിറവേറ്റുകയും, തന്റെ അടിമയെ സഹായിക്കുകയും, ശത്രുസേനകളെ ഒറ്റയ്ക്ക് പരാജയപ്പെടുത്തുകയും ചെയ്തു)

ഇത് മൂന്നു പ്രാവിശ്യം ആവർത്തിക്കുകയും, അതിനിടയിൽ പ്രാർത്ഥിക്കുകയും ചെയ്യുക. ശേഷം ഇറങ്ങുകയും മർവയിലേക്ക് മുന്നിടുകയും, ഇഷ്ടപ്പെടുന്ന പ്രാർത്ഥനയാൽ പ്രാർത്ഥിക്കുകയും ചെയ്യുക (പ്രത്യേകിച്ച ഒരു പ്രാർത്ഥന സ്ഥിരപ്പെട്ടിട്ടില്ല), അല്ലെങ്കിൽ ഖുർആൻ പാരായണം ചെയ്യുക, അത് പ്രോത്സാഹിപ്പിക്കപ്പെട്ടതാകുന്നു.




പച്ച വെളിച്ചത്താൽ അടയാളപ്പെടുത്തിയടത്ത് പുരുഷന്മാർ മാത്രം സഅ്യിൽ വേഗത വർധിപ്പിക്കുക, ശേഷം മർവ എത്തുന്നത് വരേക്കും നടക്കുകയും, അതിന്മേൽ കയറിയ ശേഷം ഖിബ്‌ലയിലേക്ക് തിരിഞ്ഞു നിൽക്കുകയും, മൂന്നു പ്രാവശ്യം തക്ബീർ ചൊല്ലുകയും, സ്വഫായുടെ മേൽനിന്ന് ചെയ്തത് പോലെ അല്ലാഹുവിനെ ഏകനാക്കിക്കൊണ്ടുള്ള ദിക്ർ ചൊല്ലുക, എന്നാൽ (إِنَّ ٱلصَّفَا وَٱلْمَرْوَةَ ...) എന്ന ആയത്ത് പാരായണം ചെയ്യേണ്ടതില്ല, അതുപോലെ "أبدأ بما بدأ الله به" എന്നും പറയേണ്ടതില്ല, ശേഷം വീണ്ടും സ്വഫായിലേക്ക് മടങ്ങിപ്പോവുകയും, ഇപ്രകാരം ഏഴു തവണ ചെയ്യുന്നത് വരേക്കും അത് ആവർത്തിക്കുകയും ചെയ്യുക, മർവയിൽ വെച്ചായിരിക്കണം അവസാനിക്കുന്നത്[20].

**ഉണർത്തൽ:** സ്വഫായിൽ നിന്ന് മർവയിലേക്കുള്ള സഅ്യ് ഒരു തവണയായും, മർവയിൽനിന്ന് സ്വഫായിലേക്കുള്ള സഅ്യ് രണ്ടാമത്തേതായും ആണ് കണക്കാക്കുക.

20. ഷെയ്ഖ് പരാമർശിച്ചത് കൂടാതെ, സഅ്യിന് വുദൂ ഉണ്ടായിരിക്കുക എന്നതും അതിന്റെ സുന്നത്തുകളിൽ പെട്ടതാണ്.

## മുടി വടിക്കൽ

**ഒമ്പതാമതായി:** ഒരു പുരുഷൻ അവന്റെ മുടി പൂർണമായും വടിക്കുകയോ, പൂർണമായും വെട്ടികുറയ്ക്കുകയോ വേണം, അതിൽ ഒരു ഭാഗം മാത്രം ചുരുക്കുന്നത് മതിയാവുന്നതല്ല, വടിക്കുന്നതാണ് ഉത്തമം, ഹജ്ജിന്റെ ദിവസങ്ങളോട് വളരെ അടുത്ത് നിൽക്കുന്നവർ ഒഴികെ. ഒരു സ്ത്രീയാകട്ടെ, അവളുടെ മുടി ഒരുമിച്ച് കൂട്ടിയ ശേഷം അതിൽനിന്ന് ഒരു വിരൽത്തുമ്പിന്റെ അത്രെയും മുറിച്ചു കളയുക[21][22].

21. രസകരമായ ഒരു അറിവ്: ഈ വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കെ നമ്മുടെ ഷെയ്ഖ് അബു ഹംസ ഹസ്സൻ ബാശുഐബ് حفظه الله ചോദിച്ചു:

മുടിയില്ലാത്തവർ എന്താണ് ചെയ്യുക സഹോദരങ്ങളെ? അവർ കത്തി വെറുതെ തലയിലൂടെ ഓടിക്കണമോ?

അപ്പോൾ ചിലർ ചിരിക്കുകയുണ്ടായി, ഷെയ്ഖ് പറഞ്ഞു: "ശെരിയായത്, അവർ ഈ കർമ്മത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ ആണെന്നതാണ്."

22. മുതമത്തി'ഇനെ സംബധിച്ചെടുത്തോളം ഇതോടു കൂടി തന്റെ ഉംറ അവസാനിക്കുകയും, ഇഹ്റാമിൽ നിന്ന് തഹല്ലുൽ ചെയ്യുകയും ചെയ്യും, എന്നാൽ മുഫ്രിദും ഖാരിനും ആകട്ടെ, അവർ ത്വവാഫും സഅ്യും ചെയ്താലും ഇഹ്റാമിൽ തന്നെ നിലകൊള്ളും. എന്നാൽ അവർ ത്വവാഫിന് ശേഷം നടത്തുന്ന സഅ്യ ഹജ്ജ് കർമ്മങ്ങളിൽ പെട്ട ത്വവാഫുൽ ഇഫാദ്വക്ക് ശേഷം നടത്തേണ്ട സഅ്യിന് പകരമായി മതിയാകുന്നതാണ്.

# ഹജ്ജിന്റെ കർമ്മങ്ങൾ



## തർവിയയുടെ ദിവസം (ദുൽഹിജ്ജ 8):

1) ഹജ്ജ് ഉദ്ദേശിച്ചുകൊണ്ട് ഇഹ്റാമിൽ പ്രവേശിക്കുകയും, നേരത്തെ ഉംറയ്ക്കായി ഇഹ്റാമിൽ പ്രാവേശിച്ചപ്പോൾ ചെയ്തത്പോലെ കുളിക്കുകയും, സുഗന്ധം പുരട്ടുകയും, മുണ്ടും മേൽമുണ്ടും ധരിക്കുകയും ചെയ്യുക.

2) മുതമത്തി'ഇന് (ഉംറ നിർവഹിക്കുകയും അതിൽ നിന്ന് തഹല്ലുൽ ചെയ്യുകയും ചെയ്തവർക്ക്) ഈ ദിവസത്തിന്റെ ദുഹാ (പൂർവ്വാഹ്ന) സമയത്ത് ഇഹ്റാമിൽ പ്രവേശിക്കുന്നത് പോത്സാഹിപ്പിക്കപ്പെട്ടിരുക്കുന്നു.

3) തന്റെ ഹൃദയത്താൽ നിയ്യത്ത് വെച്ചുകൊണ്ടും, ഇപ്രകാരം തൽബിയത്ത് ഉച്ചരിച്ചുകൊണ്ടും ഹജ്ജിന് ഇഹ്റാമിൽ പ്രവേശിക്കുക:

"لبيك حجًّا" – (ലബ്ബൈക്ക ഹജ്ജൻ)[23]

((അല്ലാഹുവെ) ഹജ്ജിന് വേണ്ടിയുള്ള നിന്റെ വിളിക്ക് ഞാൻ ഇതാ ഉത്തരം നൽകുന്നു)

തന്റെ ഈ ആരാധനാകർമ്മം പൂർത്തീകരിക്കുന്നതിൽ നിന്ന് തന്നെ തടയുന്ന തരത്തിലുള്ള എന്തെങ്കിലും തടസങ്ങളെ ഭയക്കുന്നുണ്ടെങ്കിൽ, വ്യവസ്ഥ വച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞുകൊള്ളുക:

"اللَّهُمَّ مَحِلِّي حَيْثُ حَبَسْتَنِي" – (അല്ലാഹുമ്മ മഹില്ലീ ഹൈസു ഹബസ്തനീ.)

(ഇതിനാൽ ഉദ്ദേശിക്കുന്നത് എന്താണെന്ന് നാം തുടക്കത്തിൽ പരാമർശിച്ചു)

4) പത്താം ദിവസം ജംറത്തുൽ അഖബയിൽ കല്ല് എറിയുന്നത് വരേക്കും തൽബിയത്ത് ചൊല്ലുന്നത് വർധിപ്പിക്കുക.

23. തമത്തു'ഇന്റെ രീതിയിൽ ഹജ്ജ് ചെയ്യുന്നവരുടെ കാര്യം ആണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്.

## മിന



5) തർവിയയുടെ ദിവസം സവാലിന് (സൂര്യൻ മധ്യത്തിൽനിന്ന് തെറ്റുന്നതിനു മുൻപായിക്കൊണ്ടു, അതായത് ളുഹ്ർ ബാങ്ക് കൊടുക്കുന്നതിനു തൊട്ടു മുൻപ് ആയിക്കൊണ്ട്) മിനയിലേക്ക് പോകുകയും, അന്നേരാത്രി അവിടെ പാർക്കുകയും ചെയ്യുക, പിറ്റേന്നു സൂര്യൻ ഉദിച്ച ശേഷം അല്ലാതെ അവിടെ നിന്ന് പുറത്ത് പോകാൻ പാടുള്ളതല്ല.

6) ളുഹ്റും, അസ്റും, മഗ്രിബും, ഇഷായും, ഫജ്റും മിനയിൽ നിസ്കരിക്കുക, നാലു റക്അത്തുകൾ ഉള്ള നിസ്കാരങ്ങൾ ജമ്അ് ചെയ്യാതെ രണ്ടു റക്അത്തുകൾ ആക്കി ഖസ്ർ ചെയ്ത് നിസ്കരിക്കുക, മിനയിൽ പാർക്കൽ പ്രോത്സാഹിപ്പിക്കപ്പെട്ടതാകുന്നു.

## അറഫയുടെ ദിവസം[24] (ദുൽഹിജ്ജ 9):



1) സൂര്യൻ ഉദിച്ച ശേഷം തൽബിയത്തോ തക്ബീറോ ചൊല്ലിക്കൊണ്ട് മിനയിൽനിന്ന് അറഫയിലേക്ക് പോവുക, എന്നിട്ട് നമിറയിൽ ചെന്ന് ഇറങ്ങുക (അത് അറഫയോട് അടുത്താണ്, എന്നാൽ അറഫയിൽ പെട്ടതല്ല), സവാൽ വരേക്കും അവിടെ കഴിച്ചുകൂട്ടുക.

2) സവാൽ ആയതോടെ, ഉറനയിലേക്ക് പോവുകയും (അത് അറഫയ്ക്ക് തൊട്ടു മുൻപാണ്), സാധിക്കുമെങ്കിൽ അവിടെ ഇറങ്ങുകയും ചെയ്യുക, അവിടെവെച്ച് ഇമാം, അല്ലെങ്കിൽ അദ്ദേഹത്തിന്റെ പകരക്കാരൻ സാഹചര്യത്തിന് യോജിക്കുന്ന തരത്തിലുള്ള ഒരു ഖുത്ബ പറയുകയും, പിന്നീട് ളുഹ്റിന്റെ സമയത്തു ജനങ്ങൾക്ക് ഇമാം നിന്നുകൊണ്ട് ഒരു അദാനോടും രണ്ടു ഇഖാമത്തോടും കൂടി, ജമ്ഉം ഖസ്റും ആക്കിക്കൊണ്ട് ളുഹ്റും അസ്റും നിസ്കരിച്ചുകൊള്ളട്ടെ. നിസ്കാരത്തിൽ ഉറക്കെ ഓതുകയോ, രണ്ടു നിസ്കാരങ്ങൾക്കിടയിൽ വേറെ ഒന്നും നിസ്കരിക്കുകയോ ചെയ്യരുത്.

**ഉണർത്തൽ:** നമിറയിലും ഉറനയിലും ഇറങ്ങുന്നതിന് ഒരു പക്ഷെ ഇന്നത്തെ കാലത്ത് അങ്ങേയറ്റത്തെ തിരക്കുമൂലം ഒഴിവുകേട് ഉണ്ടായേക്കാം, അതിനാൽ അവിടെയൊന്നും ഇറങ്ങാതെ അറഫയിലേക്ക് പോയിട്ടുണ്ടെങ്കിൽ അതിൽ പ്രശ്നമില്ല.

3) അതിനു ശേഷം അറഫിയിലേക്ക് പോവുക, അവിടെ അല്ലാഹുവിന്റെ ദിക്റിലും, പ്രാർത്ഥനയിലും അവനോടു കേണപേക്ഷിക്കുന്നതിലും മുഴുകുകയും അതിൽ കഠിനാധ്വാനം നടത്തുകയും ചെയ്യുക, ഇനി തൽബിയത്ത് ചൊല്ലുകയോ, ഖുർആനിൽനിന്ന് എന്തെങ്കിലും പാരായണം ചെയ്യുകയോ ചെയ്താലും അത് നല്ല കാര്യമാണ്.

24. അറഫയിൽ നിൽക്കുന്നതിന്റെ നിബന്ധനകൾ: 1) സവാലിന്റെ സമയം മുതൽ ഫജ്ർ വരെ ആയിരിക്കണം, 2) അറഫയുടെ ചുറ്റുപാടിന് അകത്തായിരിക്കണം, 3) ആരാധനാകർമ്മങ്ങൾ ചെയ്യുന്നതിന് യോഗ്യൻ ആയിരിക്കണം (ഭ്രാന്തുള്ളവനെയോ, മദ്യപിച്ചവനെയോ, ബോധം പോയവനെയോ പോലെ ആയിരിക്കരുത്).
ശ്രദ്ധയ്ക്ക്: വലിയ അശുദ്ധിയിൽ നിന്നോ ചെറിയ അശുദ്ധിയിൽ നിന്നോ ഉള്ള ശുദ്ധി നിർബന്ധമില്ല.

4) അറഫയിൽ നിൽക്കുന്ന വ്യക്തി[25] ഈ ദിവസം, നബി ﷺ യെ മാതൃകയാക്കിക്കൊണ്ട് നോമ്പ് നോൽക്കാതിരിക്കലാണ് സുന്നത്ത്[26].

5) അറഫയിൽ സൂര്യൻ അസ്തമിക്കുന്നത് വരേക്കും അല്ലാഹുവിനെ ദിക്ർ ചെയ്തുകൊണ്ടും, തൽബിയത്ത് ചൊല്ലിക്കൊണ്ടും, പ്രാർത്ഥിച്ചുകൊണ്ടും കഴിച്ചുകൂട്ടുക, അതിനു മുൻപ് അവിടെ നിന്ന് പോകൽ അനുവദനീയമല്ല.



## മുസ്ദലിഫ

6) സൂര്യൻ അസ്തമിച്ച് കഴിഞ്ഞാൽ അവിടെ നിന്ന് ശാന്തതയോടെയും സമാധാനത്തോടെയും മുസ്ദലിഫയിലേക്ക് നീങ്ങുക. അവിടെ എത്തിയാൽ, തന്റെ യാത്രാസാമാനങ്ങൾ ക്രമപ്പെടുത്തുന്നതിനു മുൻപായിക്കൊണ്ട്, ഒരു അദാനോടും രണ്ടു ഇഖാമത്തോടും കൂടി, ജമ്ഉം ഖസ്റും ആക്കിക്കൊണ്ട് മഗ്രിബും ഇഷായും നിസ്കരിക്കുക. ഇനി അർദ്ധരാത്രിക്ക് ശേഷം അല്ലാതെ അവിടെ എത്തുകയില്ല എന്ന് ഭയന്നാൽ, വഴിയിൽ നിസ്കരിച്ചുകൊള്ളുക. അർദ്ധരാത്രിക്ക് അപ്പുറത്തേക്ക് നിസ്കാരം നീട്ടിവയ്ക്കൽ അനുവദനീയമല്ല.

**ഉണർത്തൽ:** പുരുഷന്മാരിലും സ്ത്രീകളിലും പെട്ട ദുർബ്ബലർക്ക്, രാത്രിയുടെ അവസാനത്തിൽ തന്നെ, ചന്ദ്രൻ മറഞ്ഞതിന് ശേഷം[27] (രാത്രിയുടെ രണ്ടാം പകുതിയിൽ) പോകാവുന്നതാണ്[28], എന്നാൽ ആരോഗ്യമുള്ളവരെ സംബന്ധിച്ചിടത്തോളം നിർബന്ധമായും അവർ മുസ്ദലിഫയിൽ പാർക്കേണ്ടതാണ്.

---

25. നിൽക്കുന്ന വ്യക്തിയാൽ ഉദ്ദേശിക്കപ്പെടുന്നത് തന്റെ സമയം അവിടെ കഴിച്ചുകൂട്ടുന്ന വ്യക്തിയെയാണ്, അല്ലാതെ എഴുന്നേൽറ്റു നിൽക്കുന്നവനെ അല്ല.

26. ഈ ദിവസം അറഫയിൽ നിൽക്കാത്തവർക്ക് ആകട്ടെ നോമ്പ് നോൽക്കുന്നതാണ് സുന്നത്ത്.

27. അതിനു മുൻപ് മുസ്ദലിഫയിൽ നിന്ന് പോകൽ അനുവദനീയമല്ല.

28. പക്ഷെ അവർ മിനയിൽ എത്തിയാൽ കല്ല് എറിയുവാൻ ധൃതി കൂട്ടാതെ, ഫജ്ർ ആകുന്നത് വരെ കാത്തിരിക്കുകയും, അതിനു ശേഷം എറിയുകയും ചെയ്യുക എന്നതാണ് ശെരിയായത്.

## നഹ്റിന്റെ ദിവസം (ദുൽഹിജ്ജ 10)

1) നേരത്തെ തന്നെ ഫജ്ർ നിസ്കരിക്കുകയും, പിന്നീട് മശ്അറുൽ ഹറാമിലേക്ക് (അത് മുസ്ദലിഫയിലെ ഒരു പർവ്വതമാകുന്നു) പോവുകയും ചെയ്യുക, എന്നിട്ട് ഉദയത്തിനു അൽപ്പം മുൻപ് വരേക്കും അല്ലാഹുവിനെ ഏകനാക്കുകയും (ലാ ഇലാഹ ഇല്ലള്ളാഹ് ചൊല്ലുകയും), തക്ബീർ (അല്ലാഹു അക്ബർ) ചൊല്ലുകയും, തനിക്ക് ഇഷ്ടമുള്ളതിനാൽ പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുക. ഇനി മശ്അറുൽ ഹറാമിലേക്ക് പോകുവാൻ സാധിച്ചിട്ടില്ലെങ്കിൽ, താൻ ഉള്ളയിടത്ത് നിന്ന് പ്രാർത്ഥിച്ചുകൊള്ളുക,

കാരണം നബി ﷺ പറഞ്ഞു: ഞാൻ ഇതാ ഇവിടെയാണ് നിന്നിട്ടുള്ളത്, പക്ഷെ ജംഹ് (മുസ്ദലിഫയുടെ മറ്റൊരു പേര്) മുഴുവനും നിൽക്കാൻ അനുയോജ്യമായതാണ്. ഇമാം മുസ്ലിം ജാബിർ رضي الله عنهما യുടെ ഹദീഥിൽനിന്ന് ഉദ്ധരിച്ചത്.

2) സൂര്യൻ ഉദിക്കുന്നതിനു മുൻപായിക്കൊണ്ടു ശാന്തതയോടെയും, തൽബിയത്ത് ചൊല്ലിക്കൊണ്ടും മിനയിലേക്ക് പോവുക, ബത്ൻ മുഹസ്സിറിൽ (മുസ്ദലിഫയ്ക്കും മിനക്കും ഇടയിലുള്ള ഒരു താഴ്വാരം) എത്തിയാൽ സാധിക്കുമെങ്കിൽ ചലനത്തിന്റെ വേഗത വർധിപ്പിക്കുക.

3) ഈ ദിവസത്തെ കർമ്മങ്ങൾ നാലെണ്ണമാണ്:

ആദ്യമായി: ജംറത്തുൽ അഖബയിൽ എറിയുക[29], അതിലേക്ക് തിരിഞ്ഞു നിന്നുകൊണ്ട് മക്കയെ തന്റെ ഇടതുവശത്തും, മിനയെ തന്റെ വലതുവശത്തും ആക്കിക്കൊണ്ട്, സൂര്യൻ ഉദിച്ച ശേഷം ഏഴ് കല്ലുകൾ കൊണ്ട് എറിയുക, ഒന്നിന് ശേഷം ഒന്നായികൊണ്ട്, ഓരോ കല്ലിനോടൊപ്പവും തക്ബീർ ചൊല്ലുക, കല്ലുകൾ ഹൗദിൽ വീഴ്ത്തുന്നതിനായി പരിശ്രമിക്കുക. അവസാനത്തെ കല്ല് എറിയുന്നതോടെ തൽബിയത്ത് ചൊല്ലൽ അവസാനിപ്പിക്കുക[30]. അത് അവസാനിപ്പിക്കുന്നതോടെ ഒരുവന് സ്ത്രീ സംസർഗ്ഗമല്ലാത്ത എല്ലാ (വിലക്കപ്പെട്ടിരുന്ന) കാര്യങ്ങളും അനുവദനീയം ആകുന്നതാണ്[31].

---

29. ഭൂരിപക്ഷത്തിന്റെ അഭിപ്രായ പ്രകാരം ഇത് വാജിബ് ആണ്.

30. ഇതൊരു അഭിപ്രായമാണ്, ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം അനുസരിച്ച്, ജംറത്തുൽ അഖബയിൽ എത്തി, ഏറ് തുടങ്ങുന്നതോടെ തന്നെ തൽബിയത് അവസാനിക്കും എന്നതാണ്, മേൽപ്പറഞ്ഞ അഭിപ്രായത്തിന്റെ ആളുകൾ തെളിവ് പിടിച്ച ഹദീഥ് മുഹഖിഖീങ്ങളിൽ ചിലർ ദുർബലം ആക്കിയിട്ടുമുണ്ട്.

31. ഇതൊരു അഭിപ്രായം ആണ്, മറ്റു ചിലർ അഭിപ്രായപ്പെട്ടത് പ്രകാരം ആദ്യത്തെ തഹല്ലുൽ, ഏറു കർമ്മവും മുടിയെടുക്കൽ കർമ്മവും കഴിഞ്ഞ ശേഷമാണ്, വേറെയും അഭിപ്രായങ്ങൾ ഉണ്ട്.

**ഉണർത്തൽ:** ഒരുവന് ഇഷ്ടമുള്ളയിടത്തുനിന്ന് കല്ലുകൾ എടുക്കാവുന്നതാണ്, കാരണം നബി ﷺ അതിനായി ഒരു പ്രത്യേക സ്ഥലം നിശ്ചയിച്ചിരുന്നില്ല[32]. ജിമാറിന്റെ കല്ലുകൾ ഏതാണ്ട് ഒരു ഈത്തപ്പഴക്കുരുവിന്റെ അളവിൽ ഉള്ളതാകുന്നു, അത് കഴുകൽ നിയമമാക്കപ്പെട്ടിട്ടില്ല, വലിയ കല്ലുകൾ കോണ്ടോ, ഖിഫാഫ് (സോക്സ് പോലെ കാലിൽ ധരിക്കുന്നവ) കൊണ്ടോ, ചെരുപ്പുകൊണ്ടോ അവയെപ്പോലുള്ളതിനെ കൊണ്ടോ എറിയൽ അനുവദനീയമല്ല[33].

രണ്ടാമതായി: ഇപ്രകാരം പറഞ്ഞുകൊണ്ട് തന്റെ ബലി അറക്കുക:

"بِسْمِ اللَّه، وَاللَّهُ أَكْبَر، اللهُمَّ إِنّ هذَا مِنْكَ وإِلَيْك"


(ബിസ്മില്ലാഹി, വല്ലാഹു അക്ബർ, അല്ലാഹുമ്മ ഇന്ന ഹാദാ മിൻക വ ഇലയ്ക.)

(അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവെ ഇത് നിന്നിൽനിന്നുള്ളതും, നിന്നിലേക്ക് ഉള്ളതുമാണ്)

സാധിക്കുമെങ്കിൽ അത് തന്റെ സ്വന്തം കൈകൊണ്ട് ചെയ്യുന്നതാണ് സുന്നത്ത്, അതല്ലെങ്കിൽ തനിക്ക് പകരം മറ്റാരെയെങ്കിലും ഏൽപിച്ചുകൊള്ളട്ടെ, തന്റെ ബലിയിൽ നിന്ന് സ്വയം ഭക്ഷിക്കൽ  അനുവദനീയമാണ്, എന്നാൽ അതിൽനിന്ന് പാവപ്പെട്ടവർക്ക് ഒരു പങ്ക് ഉണ്ടായിരിക്കണം എന്നത് നിർബന്ധമാണ്.

ബലി മേടിക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ ഹജ്ജിൽ മൂന്നു ദിവസവും(തശ്‌രീഖിന്റെ ദിവസങ്ങളിൽ നോൽകുന്നതാണ് ഉത്തമം), തന്റെ നാട്ടിലേക്ക് മടങ്ങിക്കഴിഞ്ഞാൽ ഏഴ് ദിവസവും നോമ്പ് നോൽക്കുക.

മൂന്നാമതായി: ഒരു പുരുഷൻ അവന്റെ മുടി പൂർണമായും വടിക്കുകയോ, പൂർണമായും വെട്ടികുറക്കുകയോ വേണം, അതിൽ ഒരു ഭാഗം മാത്രം ചുരുക്കുന്നത് മതിയാവുന്നതല്ല, വടിക്കുന്നതാണ് ഉത്തമം, മുടിവടിച്ചു കൊടുക്കുന്ന വ്യക്തി മുടി വടിക്കപ്പെടുന്ന വ്യക്തിയുടെ വലത് വശത്ത്നിന്ന് തുടങ്ങൽ ആണ് സുന്നത്ത്.  എന്നാൽ ഒരു സ്ത്രീയാകട്ടെ, അവളുടെ മുടി ഒരുമിച്ച് കൂട്ടിയ ശേഷം അതിൽ നിന്ന് ഒരു വിരൽതുമ്പിന്റെ അത്രെയും മുറിച്ചുകൊള്ളട്ടെ.



32. അതിനാൽ, ജംറയുടെ അടുക്കൽ ഉള്ള തിരക്കിനെ ഭയന്നുകൊണ്ട് ഒരുവൻ മുസ്ദലിഫയിൽ നിന്നോ, വരുന്ന വഴിക്കോ കല്ലുകൾ എടുത്തിട്ടുണ്ടെങ്കിൽ അതിൽ യാതൊരു പ്രശ്നവും ഇല്ല.

33. മുൻപ് എറിയപ്പെട്ട കല്ലുകൾ കൊണ്ട് എറിയുന്നതിന് യാതൊരു പ്രശ്നവുമില്ല, ഏഴ് കല്ലുകളിൽ കുറവാണ് എറിയുന്നതെങ്കിൽ ഏറ്കർമ്മം പൂർത്തിയാവുകയില്ല, അതുപോലെ ചിലർ കൂടുതൽ നന്മ ഉദ്ദേശിച്ചുകൊണ്ട് ഏഴ് കല്ലുകളിൽ കൂടുതൽ എറിയാറുണ്ട്, ഇതും അനുവദനീയമല്ല, ഇത് അതിരുകവിച്ചിലാണ്.

നാലാമതായി: ഇഫാദ്വയുടെ ത്വവാഫ് നടത്തുകയും(ഇത് ഹജ്ജിന്റെ രുക്നുകളിൽ പെട്ടതാകുന്നു), സ്വഫാക്കും മർവക്കും ഇടയിൽ സഅ്യ് നടത്തുകയും ചെയ്യുക ഇതു നിർബന്ധമാകുന്നത് മുതമത്തി'ഇനും, (താൻ മക്കയിൽ പ്രവേശിച്ച സന്ദർഭത്തിൽ ത്വവാഫും സഅ്യും ചെയ്യാത്ത മുഫ്രിദിനും, ഖാരിനിനും മാത്രമാകുന്നു), ഈ ത്വവാഫിന് ശേഷം ഒരുവന് തന്റെ സ്ത്രീകളുമായുള്ള സംസർഗ്ഗമുൾപ്പെടെയുള്ള എല്ലാം അനുവദനീയമാകുന്നതാണ്. (ത്വവാഫിന്റെയും സഅ്യുടെയും വിശദീകരിച്ചുള്ള രൂപം നാം ഉംറയുടെ രൂപത്തിൽ പരാമർശിച്ചു കഴിഞ്ഞു).

**ഉണർത്തൽ:** ഈ നാലു കർമ്മങ്ങളിൽ ചിലത് മറ്റു ചിലതിന്റെ മേൽ മുന്തിപ്പിക്കൽ അനുവദനീയമാണ്, എന്നാൽ കൂടുതൽ ഉത്തമമായിട്ടുള്ളത് നാം കൊടുത്ത ക്രമത്തിൽ ഉള്ളത്പോലെയാണ്[34].

## <u>തശ്രീഖിന്റെ ദിവസങ്ങൾ[35] (ദുൽഹിജ്ജ 11,12,13):</u>

1) മൂന്നു ജമറകളിൽ എറിയുക [36], ഏറ് സവാലിന് ശേഷം ആയിരിക്കണം.

2) ചെറിയ ജംറയാൽ ആണ് തുടങ്ങേണ്ടത്, അതിനെ ഏഴ് കല്ലുകൾ വെച്ച് എറിയുക (ഏത് വശത്തുനിന്നായാലും). പിന്നീട് വലത് ഭാഗത്തേക്ക് നിൽക്കുയും, ഖിബ്‌ലയുടെ നേരെ തിരിഞ്ഞു നിൽക്കുകയും, ദീർഘമായി നിന്നുകൊണ്ട് പ്രാർത്ഥിക്കുകയും ചെയ്യുക, ശേഷം മധ്യേയുള്ള ജംറയിലേക്ക് പോവുകയും അതിൽ എറിയുകയും ചെയ്യുക (തൊട്ട് മുമ്പ് പരാമർശിക്കപ്പെട്ടത് പോലെ), പിന്നീട് ഇടത് ഭാഗത്തേക്ക് നിൽക്കുകയും, ഖിബ്‌ലയ്ക്ക് നേരെ തിരിഞ്ഞു നിൽക്കുകയും, ഒരുപാട് നേരം പ്രാർത്ഥിക്കുകയും ചെയ്യുക, ശേഷം വലിയ ജംറയിലേക്ക് പോവുകയും, മക്കയെ തന്റെ ഇടത് ഭാഗത്തും, മിനയെ തന്റെ വലത് ഭാഗത്തും ആക്കിക്കൊണ്ട്, അതിൽ ഏഴ് കല്ലുകൾ കൊണ്ട് എറിയുക, അവിടെ (നേരത്തെ നിന്നതു പോലെ) നിൽക്കേണ്ടതില്ല. ഈ മൂന്നു ജംറകളിലേക്കും എറിയുമ്പോൾ കല്ലുകൾ ഹൗദിൽ വീഴ്ത്തുവാൻ പരിശ്രമിക്കുകയും, ഓരോ കല്ലും എറിയുന്നയതിനോടൊപ്പം തക്ബീർ ചൊല്ലുകയും ചെയ്യുക[37].

34. ശ്രദ്ധായ്ക്ക്: സഅ്യ് ത്വവാഫിന് ശേഷം അല്ലാതെ നിർവ്വഹിക്കപ്പെടുകയില്ല.

35. തൽബിയത്ത് ചൊല്ലൽ അവസാനിച്ചുവെങ്കിലും, ഈ ദിവസങ്ങളിൽ തക്ബീർ ചൊല്ലുകയും, അതുപോലെ ഒരുവൻ ഇഷ്ടപ്പെടുന്ന ദിക്റുകളാൽ അല്ലാഹുവിനെ സ്മരിക്കാവുന്നതുമാണ്. ഈ ദിവസങ്ങളിൽ ഉള്ള നിസ്കാരങ്ങൾ, ജമ്അ് ചെയ്യാതെ, ഖസ്ർ ചെയ്ത് നിസ്കരിക്കുക, നിസ്കാരങ്ങൾ മസ്ജിദുൽ ഖൈഫിൽ ഇമാമിനോടൊപ്പം നിസ്കരിക്കാൻ സാധിക്കുമെങ്കിൽ ചെയ്യുക, അത് പ്രോത്സാഹിപ്പിക്കപ്പെട്ടതാണ്.

36. ഭൂരിപക്ഷത്തിന്റെ അഭിപ്രായ പ്രകാരം ഇത് വാജിബാണ്.

37. ഈ മൂന്നു ജംറകളിലേക്കും എറിയുമ്പോൾ മേൽപറഞ്ഞ ക്രമം നിർബന്ധമായും പാലിക്കണം. മൂന്നു ദിവസങ്ങൾ പൂർത്തിയാക്കുന്ന ഒരുവൻ തന്റെ ഹജ്ജിൽ മൊത്തം എഴുപത് കല്ലുകൾ എറിഞ്ഞിട്ടുണ്ടാകും, എന്നാൽ രണ്ടു ദിവസം മാത്രം നിന്ന്, ധൃതി പിടിച്ചു പോയവർ നാല്പത്തി ഒമ്പത് കല്ലുകളും. ആദ്യത്തെ ദിവസം എറിയേണ്ട കല്ലുകൾ രണ്ടാമത്തെ ദിവസത്തേക്കോ, അല്ലെങ്കിൽ അദ്യത്തെ രണ്ടു ദിവസത്തെ കല്ലുകൾ മൂന്നാമത്തെ ദിവസത്തേക്കോ നീക്കി വെക്കൽ അനുവദനീയമല്ല.

3) രാത്രി എറിയുന്നതിന് പ്രശ്നമില്ല, പ്രത്യേകിച്ച് തന്റെ കൂടെ സ്ത്രീകളും കുട്ടികളും ഉണ്ടെങ്കിൽ.

4) ധൃതിപ്പെട്ട് പോരുന്നവർക്ക് പതിനൊന്നാം രാത്രിയും പന്ത്രണ്ടാം രാത്രിയും മാത്രമാണ് നിർബന്ധമായും പാർക്കേണ്ടതായിട്ടുള്ളത് (അതായത് രാത്രിയുടെ ആദ്യത്തിലും അവസാനത്തിലുമായി കൂടുതൽ ഭാഗവും മിനയിൽ കഴിച്ചുകൂട്ടൽ)[38]. അല്ലാത്തവരെ സംബന്ധിച്ചിടത്തോളം പതിനൊന്നാം രാത്രിയിലും, പന്ത്രണ്ടാം രാത്രിയിലും, പതിമൂന്നാം രാത്രിയിലും മിനയിൽ പാർക്കൽ നിർബന്ധമാണ്.

5) മക്കയിൽ നിന്ന് വിട പറയുവാൻ ഉദ്ദേശിച്ചാൽ, വദാ'ഇന്റെ ത്വവാഫ് (വിടവാങ്ങലിന്റെ ത്വവാഫ്) ചെയ്യുക [39], തികച്ചും നേരത്തെ ചെയ്ത ത്വവാഫിന്റെ പോലെ ഏഴ് ചുറ്റലുകൾ [40][41].

ഇതോടു കൂടി നമ്മുടെ നബി ﷺ പഠിപ്പിച്ചു തന്ന മാർഗ്ഗത്തോടു യോജിച്ചുകൊണ്ടുള്ള ഹജ്ജ്കർമ്മം പൂർത്തിയായിരിക്കുന്നു. ഇതിനു ശേഷം മദീനത്തുള്ള നബി ﷺ യുടെ മസ്ജിദിലേക്ക് പോകുവാൻ ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ, അത് നല്ല കാര്യമാണ്; കാരണം അദ്ദേഹം ﷺ പറഞ്ഞു: "മൂന്നു മസ്ജിദുകളിലേക്കല്ലാതെ യാത്ര ചെയ്യപ്പെടാവുന്നതല്ല: എന്റെ ഈ മസ്ജിദും, മസ്ജിദുൽ ഹറാമും, മസ്ജിദുൽ അഖ്സ്വയും." (ബുഖാരിയും മുസ്ലിമും അബു ഹുറൈറ رضي الله عنه വിന്റെ ഹദീഥിൽനിന്ന് ഉദ്ധരിച്ചത്.)

മസ്ജിദിൽ പ്രവേശിച്ചു കഴിഞ്ഞാൽ നബി യുടെ ഖബർ സന്ദർശിക്കൽ പ്രോത്സാഹിപ്പിക്കപ്പെട്ടതാണ്. കാരണം നബി ﷺ യുടെ കീഴ്പറയുന്ന വാക്കുകളിൽ നിന്ന് എടുക്കപ്പെടുന്ന പൊതുവായ ആശയമാണ്; അദ്ദേഹം ﷺ പറഞ്ഞു: "ഞാൻ നിങ്ങളെ ഖബറുകൾ സന്ദർശിക്കുന്നതിൽ നിന്ന് വിലക്കിയിരുന്നു, എന്നാൽ ഇനി നിങ്ങൾ അവയെ സന്ദർശിച്ചുകൊള്ളുക." (ഇമാം മുസ്ലിം ബുറൈദതു ബ്നുൽ ഹസ്വീബ് رضي الله عنه വിന്റെ ഹദീഥിൽനിന്ന് ഉദ്ധരിച്ചത്.)

---

38. പക്ഷെ അവർ പന്ത്രണ്ടാം ദിവസത്തിൽ സൂര്യൻ അസ്തമിക്കുന്നതിനു മുൻപായിക്കൊണ്ടു ഇറങ്ങണം എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്, അങ്ങനെ ഇറങ്ങാത്ത പക്ഷം അവർ രാത്രി ഇറങ്ങാൻ പാടുള്ളതല്ല, അവർ മൂന്നാമത്തെ ദിവസം പൂർത്തീകരിച്ചുകൊള്ളട്ടെ.

39. ശെരിയായ അഭിപ്രായപ്രകാരം ഇത് വാജിബ് ആണ്.


40. എന്നാൽ ഈ ത്വവാഫിൽ റമലോ ഇദ്വ്ത്തിബാ'ഒ നിയമമാക്കപ്പെട്ടിട്ടില്ല. മക്കയിൽ താമസിക്കുന്ന ഒരുവന് ഈ ത്വവാഫ് ഇല്ല.

41. ആർത്തവം ബാധിച്ച സ്ത്രീയെ പോലെ, എന്തെങ്കിലും തടസം മൂലം ഇഫാദ്വയുടെ ത്വവാഫ് ചെയ്യാതിരുന്നവർക്ക്, ഇപ്പോൾ ഇഫാദ്വയുടെ ത്വവാഫിന്റെ നിയ്യത്ത് വച്ചുകൊണ്ട് ത്വവാഫ് ചെയ്യാവുന്നതാണ്, അതിലൂടെ അവർ വദാ'ഇന്റെ ത്വവാഫും ചെയ്തതായി കണക്കാക്കപ്പെടുന്നതാണ്. വദാ'ഇന്റെ ത്വവാഫ് ചെയ്യാൻ മറന്നുപോയവർ, തിരിച്ചു വന്ന് അത് നിർവഹിക്കുവാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യുക, അതിനു സാധിച്ചിട്ടില്ലെങ്കിൽ, അവന് മറവിയുടെ പേരിൽ ഇളവ് ലഭിക്കുന്നതാണ്, എന്നാൽ ചില പണ്ഡിതന്മാർ അവൻ ബലി അറക്കണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

എന്നാൽ ചില ഹാജ്ജിമാർ ചെയ്യുന്നത് പോലെ നബി ﷺ യുടെ ഖബറിനെ സന്ദർശിക്കുവാനും, അദ്ദേഹത്തിന്റെ ﷺ മുറിയിലെ എന്തെങ്കിലും സ്പർശിക്കുവാനും, ഖബറിന്റെ മുന്നിൽനിന്ന് പ്രാർത്ഥിക്കുവാനും, അതിനു ചുറ്റും ത്വവാഫ് ചെയ്യുവാനുമെല്ലാം നിയ്യത്ത് വച്ചുകൊണ്ട് യാത്ര ചെയ്യുക എന്നത് അനുവദനീയമല്ല.

**ഉണർത്തൽ:** ചിലർ മസ്ജിദുന്നബവിയിൽ എട്ടു ദിവസത്തിൽ നാൽപത് നിസ്കാരങ്ങൾ നിസ്കരിക്കുന്നതിൽ ശ്രേഷ്ഠതയുണ്ടെന്ന് വിശ്വസിക്കുന്നു, എന്നിട്ട് ഈ ഹദീഥിനെ തെളിവാക്കുന്നു: "ആരാണോ എന്റെ മസ്ജിദിൽ ഒരു നിസ്കാരവും നഷ്ടപ്പെടാതെ നാൽപത് നിസ്കാരങ്ങൾ നിസ്കരിക്കുന്നത്, അവന് നരകത്തിൽ നിന്ന് മോചനവും, ശിക്ഷയിൽനിന്ന് രക്ഷയും എഴുതപ്പെടുകയും, അവൻ കപടവിശ്വാസത്തിൽ നിന്ന് മോചിതനാവുകയും ചെയ്തിരിക്കുന്നു". ഈ ഹദീഥ് ഷെയ്ഖ് അൽബാനി رحمه الله തന്റെ 'അസ്സിൽസില അദ്ധ്വഈഫയിൽ(364)' പറഞ്ഞത് പ്രകാരം മുൻകർ (ദുർബലമായ ഹദീഥുകളിൽ പെട്ട ഒന്ന്) ആണ്.

# ഗുണപ്രദമായ ചില അറിവുകൾ



## ഹജ്ജ് മൂന്നു തരമാണ്:

### 1) തമത്തുഅ്:

മീഖാത്തിൽനിന്ന് ഉംറയ്ക്ക് ഇഹ്റാം ചെയ്യുകയും, ഉംറയ്ക്ക് ശേഷം ഇഹ്റാമിൽ നിന്ന് തഹല്ലുൽ (വിരാമം) ചെയ്ത്, പിന്നീട് എട്ടാം ദിവസം ഹജ്ജിന് വീണ്ടും ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുന്ന രീതിയാണിത്. ഇത്തരമൊരു ഹജ്ജ് ചെയ്യുന്ന ആളെ മുതമത്തിഅ് എന്നാണ് വിശേഷിപ്പിക്കുക, ഇവർക്ക് ഖുദൂമിന്റെ ത്വവാഫ് നിർബന്ധമാണ്, കാരണം ഇവരുടെ കാര്യത്തിൽ അത് ഉംറയുടെ ത്വവാഫ് ആണ്, അത് ഉംറയുടെ റുക്നുകളിൽ ഒരു റുക്നുമാണ്. അത്പോലെ ഇവരുടെ മേൽ ബലി നിർബന്ധമാണ്. അതിൽ ഏകാഭിപ്രായം ഉണ്ട്.

### 2) ഖിറാൻ:

മീഖാത്തിൽനിന്ന് ഹജ്ജിനും ഉംറയ്ക്കും ഒരുമിച്ച് ഇഹ്റാം ചെയ്യുകയും, ശേഷം ഉംറയുടെ കർമ്മങ്ങൾ ഹജ്ജിന്റെ കർമ്മങ്ങളിൽ പ്രവേശിപ്പിക്കുകയും ഉംറ ചെയ്ത ശേഷവും ഇഹ്റാമിൽ തന്നെ നിലകൊള്ളുകയും ചെയ്യുന്ന രീതിയാണിത്. ഇത്തരമൊരു ഹജ്ജ് ചെയ്യുന്ന ആളെ ഖാരിൻ എന്നാണ് വിശേഷിപ്പിക്കുക. ഇവർക്ക് ത്വവാഫുൽ ഖുദൂമിന് ശേഷം ചെയ്യുന്ന സഅ്യ് പിന്നീട് നഹ്റിന്റെ ദിവസം ത്വവാഫുൽ ഇഫാദ്വക്ക് ശേഷമുള്ള സഅ്യ്ക്ക് പകരമായിക്കൊണ്ട് മതിയാകുന്നതാണ്. ചില പണ്ഡിതന്മാർ ഇവരുടെ മേൽ ബലി നിർബന്ധമാണെന്നും, മറ്റു ചിലർ നിർബന്ധമല്ല, എന്നാൽ പ്രോത്സാഹിപ്പിക്കപ്പെട്ടതാണെന്നും അഭിപ്രായപ്പെട്ടു.

### 3) ഇഫ്റാദ്:

മീഖാത്തിൽനിന്ന് ഹജ്ജിന് മാത്രമായി ഇഹ്റാം ചെയ്യുന്ന രീതി, അതിനോടൊപ്പം ഉംറ ചെയ്യുകയില്ല. ഹജ്ജിന്റെ കർമ്മങ്ങൾ അവസാനിക്കുന്നത് വരേക്കും ഇവർ ഇഹ്റാമിൽ നിലകൊള്ളുന്നതാണ്. ഇത്തരമൊരു ഹജ്ജ് ചെയ്യുന്ന ആളെ മുഫ്റിദ് എന്നാണ് വിശേഷിപ്പിക്കുക. ഇവരുടെ മേൽ ബലി നിർബന്ധമില്ല.

നബി ﷺ നിർവഹിച്ചത് ഹജ്ജ് ഖിറാൻ ആണെങ്കിലും, അദ്ദേഹത്തിന്റെ ﷺ വാക്കുകളിലൂടെ അറിയിച്ചു തന്നിട്ടുള്ളത് പ്രകാരം ഹജ്ജ് തമത്തുഅ് ആകുന്നു ഹജ്ജിന്റെ ഏറ്റവും ഉത്തമമായ രൂപം.

മക്കക്കാരെയും, അവിടെ താമസിക്കുന്നവരെയും സംബന്ധിച്ചെടുത്തോളം അവർക്കും മേൽപ്പറഞ്ഞ മൂന്നു തരം ഹജ്ജുകളിൽ ഏതും നിർവഹിക്കാവുന്നതാണ്, എങ്കിലും ഉത്തമമായിട്ടുള്ളത് തമത്തുഅ് തന്നെയാണ്, എന്നാൽ അവരുടെ മേൽ ബലി നിർബന്ധമില്ല.

## ഇഹ്റാം

ഇഹ്റാം എന്നത് തഹ്രീം (വിലക്ക്) എന്നതിൽ നിന്നാണ് എടുക്കപ്പെട്ടിട്ടുള്ളത്, ഇഹ്റാം ചെയ്യുന്നതിലൂടെ ഒരുവൻ ഏതൊരു ആരാധനാകർമ്മം ആണോ നിർവഹിക്കുന്നത്, അവൻ അതിൽ ഹറാം ആക്കപ്പെട്ടിട്ടുള്ള കാര്യങ്ങളുടെ വിലക്കിൽ പ്രവേശിക്കുന്നു, ഉദാഹരണത്തിന് ഒരുവൻ നിസ്കാരത്തിൽ തക്ബീറത്തുൽ ഇഹ്റാം ചൊല്ലിയാൽ പിന്നെ നിസ്കാരത്തിൽ ഹറാം ആക്കപ്പെട്ടിട്ടുള്ള ചിരി, സംസാരം പോലുള്ള കാര്യങ്ങളിൽ നിന്ന് അവൻ വിലക്കപ്പെടുന്നു.

ഇഹ്റാമിൽ ആയിരിക്കെ ഒരുവന്റെ മേൽ വിലക്കപ്പെട്ട കാര്യങ്ങൾ:

1) മുടി വടിക്കുന്നത്, ശരീരത്തിലെ എല്ലാ തരം മുടികളും ഈ വിലക്കിൽ ഉൾപ്പെടുന്നു

2) നഖം വെട്ടുന്നത്

3) പുരുഷന്മാർ തയ്ച്ച വസ്ത്രങ്ങൾ ധരിക്കൽ, (തയ്യൽ ഉള്ള എല്ലാ വസ്ത്രങ്ങളും ഇതിൽ പെടുകയില്ല, മറിച്ച് ഷർട്ട്, ട്രൗസർ, ബർമുഡ, മറ്റു ഉൾവസ്ത്രങ്ങൾ തുടങ്ങിയ, ശരീരഭാഗങ്ങളുടെ അളവിൽ, അവയെ തമ്മിൽ വേർതിരിക്കുന്ന രീതിയിൽ തയ്ച്ച വസ്ത്രങ്ങൾ ആണ് ഉദ്ദേശിക്കപ്പെടുന്നത്)

സ്ത്രീകൾ ബുർഖഅയോ കയ്യുറകളോ ധരിക്കൽ [ബുർഖഅ എന്നാൽ ഒരു സ്ത്രീയുടെ മുഖത്തിന്റെ മേൽഭാഗവും അടിഭാഗവും മറയ്ക്കുന്നതാണ്. എന്നാൽ അന്യ പുരുഷന്മാർ ഉള്ളയിടങ്ങളിൽ സ്ത്രീകൾക്ക് അവരിൽ നിന്ന് തങ്ങളുടെ ഖിമാറിനാൽ(തലയോ തോളോ മറയ്ക്കുന്ന തുണികളാൽ) മുഖവും കൈകളും മറയ്ക്കാവുന്നതാണ്.]

4) പുരുഷന്മാർ ഖുഫ് അഥവാ സോക്സ് ധരിക്കുന്നത്

5) പുരുഷന്മാർ മുഖം മറയ്ക്കുന്നതും, തല മറയ്ക്കുന്നതും

6) സുഗന്ധം പുരട്ടൽ

7) കരയിൽ വേട്ടയാടുന്നത് (കടലിൽ വേട്ടയാടുന്നത് അനുവദനീയമാണ്)

8) നിക്കാഹ്

9) ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത്

10) വിവാഹനിശ്ചയം

11) ചുംബനം, ബാഹ്യകേളികൾ

12) തിന്മയിൽ ഏർപ്പെടുന്നത് (ഇത് ഇഹ്റാമിലും അല്ലാതെയും വിലക്കപ്പെട്ടതാണ്, പക്ഷെ ഇഹ്റാമിൽ അതിന്റെ ഗൗരവം വർധിക്കുന്നു)

13) തർക്കം (അനാവശ്യമായ തർക്കം ആണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്, അല്ലാതെ ദീൻ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള തർക്കങ്ങൾ അല്ല, സത്യത്തെ പിന്തുണയ്ക്കുന്നതും, ബാത്വിലിനെ എതിർക്കുന്നതും പോലെ)

14) കണ്മഷി (ഇതിൽ പല അഭിപ്രായങ്ങൾ ഉണ്ട്, സൂക്ഷ്മതയ്ക്ക് അത് ഉപേക്ഷിക്കൽ ആണ് ഉത്തമം).

- **ഇഹ്റാമിൽ ഒരുവൻ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക എന്നതൊഴികെ മറ്റൊന്നും അവന്റെ ഹജ്ജിനെ നിഷ്ഫലമാക്കുന്നതല്ല.**

## ഫിദ്‌യ (فدية)

വിലക്കപ്പെട്ട കാര്യങ്ങൾ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ ഒരുവന്റെ മേൽ നിർബന്ധമാകുന്ന ഫിദ്‌യകളെ കുറിച്ച് അറിഞ്ഞിരിക്കേണ്ടത് അനിവാര്യമായതിനാൽ ഇവിടെ ചിലത് സൂചിപ്പിക്കുന്നു:

നിർബന്ധമായ ഒന്നു ഉപേക്ഷിച്ചതിന്റെ പേരിലോ, വിലക്കപ്പെട്ട ഒന്നു പ്രവർത്തിച്ചതിന്റെ പേരിലോ നിർബന്ധമാകുന്ന ഒരുതരം ബലിദാനം ആണ് ഫിദ്‌യ.

**1) അദാ'ഇന്റെ ഫിദ്‌യ (فدية الأذى):**

ഒരുവൻ ഇഹ്റാമിൽ ആയിരിക്കെ തനിക്ക് എന്തെങ്കിലും ദോഷം ഉണ്ടാകുന്നതിന്റെ പേരിൽ, വിലക്കപ്പെട്ട ഒന്ന് പ്രവർത്തിക്കുന്ന അവസ്ഥയിൽ പ്രായശ്ചിത്തമായി നൽകുന്ന ഫിദ്‌യ. ഇതിന്റെ അടിസ്ഥാനം കഅ്ബ് ബിൻ ഉജ്റയുടെ رضي الله عنه വിന്റെ വിഷയത്തിൽ ഇറങ്ങിയ ആയത്തും, അതിനെ കുറിച്ച് വന്നിട്ടുള്ള ഹദീഥും ആണ്. അദ്ദേഹത്തിന്റെ തലയിൽ ഒരുതരം പ്രാണിയിലൂടെ ഉണ്ടാകുന്ന ഒരു രോഗം ബാധിച്ചപ്പോൾ അദ്ദേഹത്തെ നബി ﷺ യുടെ അടുക്കലേക്ക് കൊണ്ടുപോകപ്പെടുകയും, നബി ﷺ അദ്ദേഹത്തോട് ഫിദ്‌യ നൽകുവാൻ കൽപിക്കുകയും ചെയ്തു. അതിനാൽ ഒരുവന് ഇളവ് ഉണ്ടെങ്കിൽകൂടി, അവന്റെ മേൽ ഫിദ്‌യ നിർബന്ധമാകുന്നു. അതുപോലെ തന്നെ ഇളവുകൾ ഇല്ലാതെ, അറിഞ്ഞുകൊണ്ട് ഒരുവൻ ഇപ്രകാരം ചെയ്താൽ അവന്റെ മേലും ഈ ഫിദ്‌യ നിർബന്ധമാകുന്നു. അതു ആരുടെമേൽ ആണോ നിർബന്ധം ആകുന്നത്, അയാൾക്ക് മൂന്നു കാര്യങ്ങളിൽ നിന്ന് തിരഞ്ഞെടുക്കാവുന്നതാണ്: ഒന്നുകിൽ ആറു പാവപ്പെട്ടവർക്ക്, ഓരോരുത്തർക്കും പകുതി സ്വാഅ് വെച്ച് ഭക്ഷണം നൽകുക എന്നത്, അഥവാ തുടർച്ചയായോ അല്ലാതെയോ മൂന്നു ദിവസം നോമ്പ് നോൽക്കുക എന്നത്, അഥവാ ഒരു ആടിനെ അറക്കുക എന്നത്. അറവ് ഹറമിലാകണമെന്ന് നിർബന്ധമില്ല.

**2) സ്വൈദിന്റെ ഫിദ്‌യ (فدية الصيد):**

ഇത് ഒരു ഇരയെ വേട്ടയാടി വധിച്ചതിനുള്ള ഫിദ്‌യയാണ്. വേട്ടയാടപ്പെടുന്ന ഇരകൾ രണ്ടുതരമാണ്:

ഒന്ന്: അതിനോട് സാദൃശ്യമുള്ള ഒന്ന്, അറക്കപ്പെടുന്ന കാലികളിൽ ഉണ്ടാകും. ഇങ്ങനെയുള്ളതിനെയാണ് വേട്ടയാടി വധിച്ചതെങ്കിൽ കാലികളിൽ പെട്ട അതിനോട് സാദൃശ്യമുള്ള ഒന്നിനെ അറവ് നടത്തുകയും, ഹറമിലെ പാവപ്പെട്ടവർക്ക് അത് ദാനം

ചെയ്യലുമാണ് ഫിദ്‌യ. ഉദാഹരണത്തിന്, ഇഹ്റാമിൽ ഉള്ള ഒരാൾ ഒരു പ്രാവിനെ വേട്ടയാടി വധിച്ചാൽ, അയാൾ ഒരു ആടിനെ അറുത്തുകൊള്ളട്ടെ. (ഷെയ്ഖ് ഉതൈമീൻ رحمه الله പറഞ്ഞു: "അവയുടെ ഇടയിൽ ഉള്ള സാദൃശ്യം വെള്ളം കുടിക്കുന്നതിൽ ആണ്, ആടും പ്രാവും വെള്ളം കുടിക്കുമ്പോൾ, അവ രണ്ടും തുടർച്ചയായി കുടിച്ചുകൊണ്ട് വയറുനിറയ്ക്കും, എന്നാൽ കോഴി ആകട്ടെ, പ്രാവിനെപ്പോലെയല്ല, അത് വെള്ളം കുടിക്കുമ്പോൾ അതിന്റെ വായ നിറഞ്ഞാൽ വായയിലെ വെള്ളം ഇറക്കുവാനായി തല ഉയർത്തും, മറിച്ച് പ്രാവ് അങ്ങനെയല്ല, അതുപോലെ ആടും.")

രണ്ട്: അതിനോട് സാദൃശ്യമുള്ള ഒന്ന്, അറക്കപ്പെടുന്ന കാലികളിൽ ഉണ്ടാകില്ല. ഈ സാചര്യത്തിൽ, ഒന്നുകിൽ വേട്ടയാടി വധിച്ചത് എന്തിനെയാണോ, അതിന്റെ മൂല്യത്തിനു തുല്യമായിക്കൊണ്ട് പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുകയോ, അതല്ലെങ്കിൽ ആ ഭക്ഷണം എത്ര പാവപ്പെട്ട ആളുകൾക്കാണോ എത്തുക, അത്രെയും എണ്ണം ദിവസങ്ങൾ നോമ്പ് നോൽക്കുകയോ ചെയ്യുക എന്നതാണ് അതിന്റെ ഫിദ്‌യ.

**3) തമത്തു'ഇന്റെയും ഖിറാനിന്റെയും ഫിദ്‌യ (فدية التمتع والقران):**

മുതമത്തി'ഉം ഖാരിനും അറക്കുന്ന ബലി ശെരിക്കും ഫിദ്‌യയോ കഫ്ഫാറയോ അല്ല, മറിച്ച് ഹജ്ജിന്റെ ആരാധനാകർമ്മങ്ങളിൽ ഒന്നായിക്കൊണ്ടും അല്ലാഹുവിനോടുള്ള നന്ദിയായിക്കൊണ്ടും നിർവ്വഹിക്കപ്പെടുന്നതാണ്. (എങ്കിലും ഫുഖഹാഖൾ ഹജ്ജുമായി ബന്ധപ്പെട്ടുള്ള ബലികർമ്മങ്ങൾ ഒരുമിച്ച് ക്രമപ്പെടുത്തുവാൻ ആയിരിക്കാം ഇത് ഫിദ്‌യകൾക്ക് ഇടയിൽ പരാമർശിച്ചത്) ഏതായാലും മുതമത്തി'ഇനും ഖാരിനിനും ബലി നിർബന്ധമാകുന്നു, മുതമുതമത്തി'ഇന്റെ കാര്യത്തിൽ ഇജ്‌മാഅ് ഉണ്ട്, എന്നാൽ ഖാരിനിന്റെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. അത് പലയിടങ്ങളിൽ ആയി നാം വിശദീകരിക്കുന്നുണ്ട്.

**4) ഇഹ്സ്വാറിന്റെ ഫിദ്‌യ (فدية الإحصار):**

ഇഹ്റാമിൽ പ്രവേശിച്ചശേഷം ഹജ്ജിന്റെയോ ഉംറയുടെയോ ആരാധനകർമ്മങ്ങൾ പൂർത്തിയാകുന്നതിൽനിന്ന് എന്തെങ്കിലും കാരണവശാൽ തടയപ്പെടുന്നവരുടെ മേൽ നിർബന്ധമായ ഫിദ്‌യ ആണിത്, ഉദാഹരണത്തിന് തന്റെ ശത്രുക്കൾ ഹറമിൽ പ്രവേശിക്കുന്നതിൽ നിന്ന് തന്നെ തടയുന്നത് പോലെ. അവരുടെ മേൽ തഹല്ലുൽ ചെയ്ത ശേഷം ബലി നിർബന്ധമാകുന്നു. ഹറമിലേക്ക് തന്റെ ബലിമൃഗത്തെ അയക്കാൻ സാധിക്കുമെങ്കിൽ അവിടെ നിന്ന് അറക്കപ്പെടുന്നതാണ് ഉത്തമം, സാധിച്ചിട്ടില്ലെങ്കിൽ തടയപ്പെട്ട സ്ഥലത്തുനിന്നും ബലി നടപ്പിലാക്കിക്കൊള്ളട്ടെ. അതുപോലെ, അവരുടെ മേൽ തല വടിക്കലും നിർബന്ധമാകുന്നു.

**5) ജിമാ'ഇന്റെ ഫിദ്‌യ (فدية الجماع):**

ഇഹ്റാമിലായിരിക്കെ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നവരുടെ മേൽ നിർബന്ധമാകുന്ന ഫിദ്‌യ ആണിത്.

ഹജ്ജിൽ ആദ്യത്തെ തഹല്ലുലിന് മുൻപ് ഈ പ്രവർത്തിയിൽ ഏർപ്പെട്ടാൽ അവരുടെ ഹജ്ജ് നിഷ്ഫലമാകുന്നതാണ്, അവരുടെ മേൽ ഒരു ഒട്ടകത്തെ അറക്കൽ

നിർബന്ധമാകുകയും ചെയ്യുന്നതാണ്. ആദ്യത്തെ തഹല്ലുലിന് ശേഷം ആണെങ്കിൽ അവരുടെ ഹജ്ജ് നിഷ്ഫലമാകുന്നില്ല, എന്നാൽ അവരുടെ മേൽ ഒരു ആടിനെ അറക്കൽ നിർബന്ധമാകുന്നു. അതുപോലെ ഉംറയുടെ ഇഹ്റാമിൽ ആണ് ഒരുവൻ ഈ പ്രവർത്തിയിൽ ഏർപ്പെട്ടതെങ്കിൽ അവന്റെ മേലും ഒരു ആടിനെ അറക്കൽ നിർബന്ധമാകുന്നു.

**6) വാജിബ് ഉപേക്ഷിക്കുന്നതിന്റെ ഫിദ്‌യ:**

വാജിബാത്തിൽ പെട്ട എന്തെങ്കിലും ഉപേക്ഷിക്കുന്നവന്റെ മേൽ ഫിദ്‌യ ഉണ്ടോ എന്നതിൽ ഉലമാക്കൾ അഭിപ്രായവ്യത്യസത്തിലായി. ഇബ്നു അബ്ബാസ് رضي الله عنهما യുടെ ഒരു അഥറിന്റെ (അത് മൗഖൂഫ് ആണോ മർഫൂഅ് ആണോ എന്നതിലും അഭിപ്രായവ്യത്യാസം ഉണ്ട്) അടിസ്ഥാനാത്തിലും, അദാ'ഇന്റെ ഫിദ്‌യയോട് ഖിയാസ് ആക്കിക്കൊണ്ടും ചിലർ അത് നിർബന്ധം ആക്കി, കാരണം അത് വിലക്കപ്പെട്ടത് പ്രവർത്തിക്കുന്നതിലും, ഇത് നിർബന്ധമായത് ഉപേക്ഷിക്കുന്നതിലും ആകുന്നു. മറ്റുചിലർ അത് നിർബന്ധം അല്ലെന്നും അഭിപ്രായപ്പെട്ടു. എങ്കിലും ഫിദ്‌യ കൊടുക്കലാണ് സൂക്ഷ്മത.

**7) തത്വവ്വു'ഇന്റെ ഫിദ്‌യ (فدية التطوع):**

തന്റെമേൽ നിർബന്ധമല്ലെങ്കിലും, ഒരുവൻ ആഗ്രഹിക്കുന്നതിന്റെ പേരിൽ, അല്ലാഹുവിനോട് അടുപ്പം തേടിക്കൊണ്ട് അറക്കുന്നതായ, ഒന്നോ അതിൽ കൂടുതലോ ആയ ബലികളെ ആണ് ഇതിനാൽ ഉദ്ദേശിച്ചിട്ടുള്ളത്.

## മക്കയിൽ പ്രവേശിക്കുമ്പോൾ ഉള്ള ചില സുന്നത്തുകൾ:

**1)** കുളി (ഇത് ഇഹ്റാമിനു കുളിച്ച കുളി കൂടാതെ ഉള്ളതാണ്, ഇത് എല്ലാ പണ്ഡിതമാരുടെ അടുക്കലും പ്രോത്സാഹിപ്പിക്കപ്പെട്ട ഒന്നാണ്).

**2)** സാധിക്കുമെങ്കിൽ, പകൽ സമയം മക്കയിൽ പ്രവേശിക്കുക എന്നത്.

**3)** സാധിക്കുമെങ്കിൽ മക്കയുടെ ഉയർന്ന ഭാഗത്ത്നിന്ന് അതിലേക്ക് പ്രവേശിക്കുക എന്നത്.

## ത്വവാഫ് നാല് തരമാണ്:

### 1) ഖുദൂമിന്റെ ത്വവാഫ്:

ഹജ്ജ് മാത്രം ഉദ്ദേശിക്കുന്ന മുഫ്രിദും, ഹജ്ജും ഉംറയും ഉദ്ദേശിക്കുന്ന ഖാരിനും മക്കയ്ക്ക് പുറത്തു നിന്ന് ഇഹ്റാം ചെയ്യുകയും, അറഫയിലെ നിർത്തത്തിന് മുൻപ് മക്കയിൽ പ്രവേശിക്കുകയും ചെയ്താൽ ചെയ്യേണ്ട ത്വവാഫ് ആണിത്. അവർക്ക് ഇത് നിർവ്വഹിക്കൽ സുന്നത്താണ്, ഉംറയ്ക്ക് ഇഹ്റാം ചെയ്യുന്ന മുതമത്തി'ഇനെ സംബധിച്ചെടുത്തോളം ഈ ഉംറയുടേ ത്വവാഫാണ് ഉംറയാണ്, ഇത് ഉംറയുടെ റുക്നുകളിൽ ഒന്നാണ്, അതിനാൽ അവർ ഇത് നിർവഹിക്കൽ നിർബന്ധമാണ്, അതിൽ അഭിപ്രായവ്യത്യാസമില്ല.

### 2) ഇഫാദ്വയുടെ ത്വവാഫ്:

നഹ്റിന്റെ ദിവസത്തിലെ കർമ്മങ്ങളിൽ പെട്ടതാണ് ഇഫാദ്വയുടെ ത്വവാഫ്, ഇത് ഹജ്ജിന്റെ റുക്നുകളിൽ പെട്ടതാണ്, ഇത് നിർവഹിക്കാതെ ഹജ്ജ് പൂർണമാവുകയില്ല.

### 3) വദാ'ഇന്റെ ത്വവാഫ്:

മക്കയിൽ നിന്ന് വിടപറയുമ്പോൾ നിർവഹിക്കേണ്ട ത്വവാഫ്, ഇത് ഹജ്ജിന്റെ വാജിബാത്തിൽ പെട്ടതാണ്. ഉംറ മാത്രം ഉദ്ദേശിക്കുന്നവന് പ്രോത്സാഹിപ്പിക്കപ്പെട്ടതുമാണ്.

### 4) തത്വവ്വു'ഇന്റെ ത്വവാഫ്:

മക്കയിൽ ഉള്ളപ്പോൾ ഏതു സമയവും ചെയ്യാവുന്ന സുന്നത്തായ ത്വവാഫ് ആണിത്, ഇതിന് ഇഹ്റാമിലായിരിക്കണം എന്ന നിബന്ധനയില്ല.

## ത്വവാഫിനുള്ള നിബന്ധനകൾ:

1) വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയായിരിക്കുക എന്നത്.

2) ഔറത്ത് മറയ്ക്കൽ.

3) ഏഴ് ചുറ്റലുകൾ പൂർണമായും ചുറ്റണമെന്നത്.

4) കഅ്ബയുടെ പുറത്ത്കൂടി ആകണം എന്നത്.

5) കഅ്ബ ത്വവാഫ് ചെയ്യുന്ന ആളുടെ ഇടത് വശത്തായിരിക്കണം എന്നത്.

6) ഹജറുൽ അസ്വദിന്റെ മൂലയിൽ നിന്ന് ആരംഭിക്കുകയും, അവിടെ അവസാനിക്കുകയും ചെയ്യണം എന്നത്.

7) നിയ്യത്ത്.

## നബി ﷺ തന്റെ ഹജ്ജിൽ മുഴുവൻ നാല് ഖുത്ബകൾ ആണ് നൽകിയത്:

1) ഏഴാം ദിവസം, മക്കയിൽ വെച്ച്.

2) അറഫയുടെ ദിവസം, അറഫയിൽ വെച്ച്.

3) നഹ്റിന്റെ ദിവസം, മിനയിൽ വെച്ച്.

4)അയ്യാമു തശ്രീഖിലെ രണ്ടാമത്തെ ദിവസം, മിനയിൽ വെച്ച്.



# ഹജ്ജും ഉംറയും

مركز علوم السنة
MARKAZU ULOOMISSUNNAH

70# Bisra, Bismillah Road,
Melakkam, Manjeri - 676123, Malappuram, Kerala

T.me/Altadhkira

T.me/uloomussunnah

www.uloomussunnah.com